# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

ആഗസ്റ്റ് 2011



- ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)
  ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
- കാരിസ്മാറ്റിക് പ്രസ്ഥാനത്തോട് പൗരസ്ത്യ സഭയ്ക്കുള്ള പ്രതികരണം എന്തായിരിക്കണം? (തുടർച്ച)
  ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത
- ക്രിസ്തീയ പ്രവർത്തകന്റെ വിളിയും ജീവിതവും - ആധുനിക സമൂഹം ഉയർത്തുന്ന വെല്ലുവിളികൾ (തുടർച്ച)
  ഫാ. ഡോ. റ്റി.ജെ. ജോഷ്വ
- ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത
  ഫാ. ഡോ. ഒ. പി. വർഗീസ്





## അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ

# 20-ാം ശ്രാദ്ധപ്പെരുന്നാൾ

**2011 ആഗസ്റ്റ് 17, 18, 19 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ**

**മുളക്കുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കർമ്മേൽക്കുന്ന് പള്ളിയിൽ**

## പ്രോഗ്രാം

### 17-08-2011 ബുധൻ

07.00 a.m. : പ്രഭാത നമസ്കാരം

07.30 a.m. : വി.കുർബ്ബാന
റവ. ഫാ. ജേക്കബ് കുര്യൻ
(ഭദ്രാസന സെക്രട്ടറി)

06.30 p.m. : സന്ധ്യാ നമസ്കാരം

### 18-08-2011 വ്യാഴം

07.00 a.m. : പ്രഭാത നമസ്കാരം

07.30 a.m. : വി.കുർബ്ബാന
റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

**സിംപോസിയം**

വിഷയം : **പൗരസ്ത്യ ആദ്ധ്യാത്മികതയിലെ ഗുരുവും ശിഷ്യനും**

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയും ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും

09.30 a.m. : രജിസ്ട്രേഷൻ

10.00 a.m. : സ്വാഗതം
റവ. ഫാ. സി.എം. കുര്യാക്കോസ്
(വികാരി)

10.10 a.m. : സിംപോസിയം ഉദ്ഘാടനം
അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

10.30 a.m. : വിഷയാവതരണം
റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വാ
(വൈദിക സെമിനാരി അദ്ധ്യാപകൻ)

12.00 noon : ചർച്ച

12.45 p.m. : കൃതജ്ഞത
**പി.യു. തോമസ്** (ജനറൽ കൺവീനർ)

01.00 p.m. : ഉച്ചനമസ്കാരം
ഭക്ഷണം

05.00 p.m. : **തീർത്ഥയാത്ര**
(പിറവം കാതോലിക്കേറ്റ് സെന്ററിൽ നിന്നും)

07.00 p.m. : തീർത്ഥാടകർക്ക് കർമ്മേൽക്കുന്ന് പള്ളിയിൽ സ്വീകരണം

07.15 p.m. : സന്ധ്യാ നമസ്കാരം

08.15 p.m. : പ്രസംഗം
അഭി. യുഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത

09.00 p.m. : ധൂപ പ്രാർത്ഥന, ആശീർവാദം
അത്താഴവിരുന്ന്

### 19-08-2011 വെള്ളി

07.30 a.m. : പ്രഭാത നമസ്കാരം

08.30 a.m. : **വി. മൂന്നിന്മേൽ കുർബ്ബാന**
പ. കാതോലിക്ക ബാവയുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും

പ്രസംഗം : അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

10.00 a.m. : **സാധുജനസഹായം**
മാർ പക്കോമിയോസ് സമ്മാന വിതരണം
എസ്.എസ്.എൽ.സി.ക്ക് കൂടുതൽ മാർക്കു വാങ്ങിയവർക്ക് ക്യാഷ് അവാർഡ് വിതരണം
ധൂപ പ്രാർത്ഥന
ആശീർവാദം
നേർച്ചസദ്യ

11.00 a.m. : **വൈദിക സമ്മേളനം**
**ക്ലാസ്സ്**
അഭി. ഡോ. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
**ചർച്ച**
**സമാപന സന്ദേശം**
അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

• വി. മൂന്നിന്മേൽ കുർബ്ബാന • സിംപോസിയം • തീർത്ഥയാത്ര • സാധുജനസഹായം
• വൈദിക സമ്മേളനം • അനുസ്മരണ പ്രഭാഷണങ്ങൾ • നേർച്ചസദ്യ

# പ്രദീപ്തി

വാല്യം : 12 ലക്കം : 08 ആഗസ്റ്റ് 2011





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com


## ദളങ്ങളിൽ


**2** പത്രാധിപക്കുറിപ്പ്
**തൃഷ്ണ**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും** (തുടർച്ച)
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**5** പെരുന്നാളുകൾ
**ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ**
മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

**6** പ്രബോധിനി
**കാരിസ്മാറ്റിക് പ്രസ്ഥാനത്തോട് പൗരസ്ത്യ സഭയ്ക്കുള്ള പ്രതികരണം എന്തായിരിക്കണം?**
ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

**10** പ്രമാണ ശേഖരം
**ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയുടെ പ്രഥമ കല്പന**

**12** പിതൃസ്മരണ
**ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത**
ഫാ. ഡോ. ഒ.പി. വർഗീസ്

**14** ആനുകാലികം
**ക്രിസ്തീയ പ്രവർത്തകന്റെ വിളിയും ജീവിതവും – ആധുനിക സമൂഹം ഉയർത്തുന്ന വെല്ലുവിളികൾ**
ഫാ. ഡോ. റ്റി.ജെ. ജോഷ്വ

**16** കവിത
**എന്റെ സ്വപ്നം**
ജോർജ്ജുകുട്ടി തുടിയംപറമ്പിൽ

**17** അനുസ്മരണം
**തേനുങ്കൽ ഗീവറുഗീസ് മല്പാൻ**
പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

**18** പ്രതിധ്വനി
**സഭാ ശുശ്രൂഷയിലെ രണ്ടു പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം**
ഫാ. ജോസ് തോമസ്

**19** വാർത്തകൾ





## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരെക്കുന്നത്ത്**


| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |


## ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം



■ <u>പത്രാധിപക്കുറിപ്പ്</u>

# തൃഷ്ണ

ഒരു യാചകൻ ആശുപത്രിയിൽ കിടന്നു മരിക്കുവാൻ തുടങ്ങുകയായിരുന്നു. അവിടെ സന്ദർശനത്തിനെത്തിയ ഒരു പുരോഹിതൻ യാചകനു വേണ്ടി പ്രാർത്ഥിക്കുവാനായി അടുത്തുചെന്നു. മരണക്കിടക്കയിലായിരുന്ന യാചകനോടു പുരോഹിതൻ പറഞ്ഞു "നിങ്ങളുടെ കൈകൾ രണ്ടും കൂട്ടിപ്പിടിക്കുക". യാചകൻ മറുപടി നല്കി. "ക്ഷമിക്കണം, എന്റെ ഒരു കൈ തുറന്നു പിടിക്കുവാൻ കഴിയുകയില്ല". എന്തുകൊണ്ടാണ് അയാൾ അങ്ങിനെ പറഞ്ഞതെന്നു പുരോഹിതനു മനസ്സിലായില്ല. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. അതുവരെയും ചുരുട്ടിപ്പിടിച്ചിരുന്ന കൈനിവർന്നു. ഏതാനും വൃത്തികെട്ട നാണയങ്ങൾ കയ്യിൽ നിന്നും താഴെ ചിതറി വീണു. മരിക്കുവാൻ പോകുന്ന നിമിഷത്തിലും കുറെ നാണയങ്ങൾ ഉപേക്ഷിക്കുവാൻ തയ്യാറാകാത്ത ഈ യാചകനെപ്പോലെയാണ് ഭൂരിഭാഗം ജനങ്ങളും.

മനുഷ്യരിൽ കുടികൊള്ളുന്ന അത്യാഗ്രഹത്തിന് അവസാനമുണ്ടോ? മരണത്തെ മുഖാമുഖം കാണുമ്പോഴും ധനത്തോടുള്ള ആസക്തിക്കു കുറവുണ്ടാകുന്നില്ല. വീണ്ടും വീണ്ടും കിട്ടണം. ഒന്നു കിട്ടിയാൽ പത്ത്, പത്തു കിട്ടിയാൽ നൂറ്, നൂറ് കിട്ടിയാൽ ആയിരം ഇങ്ങനെ പോകുന്നു ദ്രവ്യാഗ്രഹം. അതിമോഹത്തിനും കുറവില്ല. അതിമോഹികളെ കുഞ്ചൻനമ്പ്യാർ തന്റെ തുള്ളലുകളിൽ രസകരമായിട്ടാണ് വിവരിച്ചിരിക്കുന്നത്.

*"കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിനു*
*കുന്നിനു മീതെ പറക്കാൻ മോഹം*
*ചൊട്ടച്ചാൺ വഴി വട്ടം മാത്രം*
*കഷ്ടിച്ചങ്ങു പറക്കും കോഴികൾ*
*ഗരുഡനു പിറകേ ചിറകും വീശി*
*ഗഗനേ ഗമനം വാഞ്ചിക്കുന്നു"*

അതിമോഹികളുടെ പ്രതീകങ്ങളാണ് ഈ തവളക്കുഞ്ഞും കോഴികളും "അണ്ണാൻ വിചാരിച്ചാൽ ആനയോളം വാപൊളിക്കാൻ പറ്റുമോ"? എന്നുള്ളത് നമ്മുടെ പഴയ ചൊല്ലാണല്ലോ. പണ്ഡിതശ്രേഷ്ഠന്മാർ ഒരിക്കലും അപ്രാപ്യമായ ഒരു വസ്തുവിനെ ആഗ്രഹിക്കയില്ല. ഉള്ളതുകൊണ്ട് സന്തോഷിക്കുകയും തൃപ്തിപ്പെടുകയുമാണ് അവർ ചെയ്യുക. "അതിസർവ്വത്ര വർജ്ജയേൽ" എന്നാണല്ലോ ആപ്തവാക്യം. അമിതമായ പ്രതിപത്തിയും ഒന്നിനോടും പാടില്ല. അമിതാസക്തി നാശത്തിലേക്കുള്ള പാതയാണ്.

"ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമെ" (മത്തായി 6:11) എന്നു പ്രാർത്ഥിക്കുകയും ദൈവത്തിന്റെ സ്ഥാനത്തു ധനത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നവർ, ഒരു പോത്തിനെ മുന്നിലും മറ്റൊരു പോത്തിനെ പിന്നിലും കെട്ടി വലിക്കുന്ന വണ്ടി പോലെയാണ്. പോത്തുകൾ രണ്ടും വിപരീതദിശയിൽ ചലിക്കും, വണ്ടി തകരുകയും ചെയ്യും. ഈ തകർച്ചയിൽ നിന്നൊരു ഉയർത്തെഴുന്നേല്പ് ഒരു പക്ഷേ അസാദ്ധ്യമായിരിക്കും.

അത്യാഗ്രഹം മൂലം അന്യന്റെ മുതലും ചിലർ ആഗ്രഹിക്കുന്നു. ഇതിനു ലോഭം എന്നു പറയുന്നു. ദുര്യോധനന്റെ "ലോഭം" നിമിത്തം എന്തെല്ലാം നാശങ്ങളാണുണ്ടായത്. പാണ്ഡവർക്ക് ന്യായമായി അവകാശപ്പെട്ടത് കൈവശപ്പെടുത്തി അവരെ ദ്രോഹിച്ച് സർവ്വവും അപഹരിച്ചു. ഒരു കുലം മുഴുവനും നശിച്ചു പോകുന്നതിനു അതു കാരണമായിത്തീർന്നു. അന്യായമായി സമ്പാദിച്ചതൊന്നും പ്രയോജനപ്പെട്ടുമില്ല. മരണാന്തരം ഇവയൊന്നും കൂടെപ്പോയതുമില്ല. ആരുടെയും കൂടെപ്പോകയുമില്ല.

*"അർത്ഥാ: ഗൃഹേ നിവർത്തന്തേ*
*ശ്മശാനേ പുത്ര ബാന്ധവാ:*
*സുകൃതം ദുഷ്കൃതം ചൈവ ഗച്ഛന്തമനുഗച്ഛതി"*

(സമ്പത്തുകൾ വീട്ടിൽ വച്ചു പിന്തിരിയുന്നു, മക്കളും ബന്ധുക്കളും ശ്മശാനത്തിൽ വച്ച്, ചെയ്തിട്ടുള്ള സുകൃതവും ദുഷ്കൃതവും മാത്രം ഗമിക്കുന്നവനെ അനുഗമിക്കുന്നു.)

ഈ നിത്യമായ സത്യം ലോകത്തിനു കാണിച്ചുകൊടുക്കുവാനായി അലക്സാണ്ടർ ചക്രവർത്തി തന്റെ മരണ സമയത്ത് അടുത്തു നിന്നവരോടു ആവശ്യപ്പെട്ടു: ലോകൈകജേതാവായ താൻ നേടിയതെല്ലാം ഉപേക്ഷിച്ച് വെറുങ്കൈയ്യോടെയാണ് പോകുന്നതെന്നു ലോകം അറിയണം, അതിനായി രണ്ടുകൈകളും ശവമഞ്ചത്തിന്റെ ഇരുവശത്തുമായി പുറത്തേക്കു കിടക്കട്ടെ.

പൂവത്തുങ്കലച്ചൻ

■ ഇടയസന്ദേശം

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## വി. കൂദാശകളിലൂടെ ദൈവജ്ഞാനം

കൂദാശ എന്ന സുറിയാനി വാക്കിന് 'ശുദ്ധീകരണം' എന്നർത്ഥം. 'ശുദ്ധീകരിക്കുക' എന്ന ക്രിയയിൽ നിന്നുണ്ടായ നാമം. അശുദ്ധമായ ഏതിൽ നിന്നും മാലിന്യമകറ്റി അതിനെ പൂർവ്വപരിശുദ്ധിയിൽ എത്തിക്കുകയെന്ന് ഇവിടെ അർത്ഥമാക്കുന്നു. ജീവനുള്ളതോ ഇല്ലാത്തതോ ആയ ഏതും അതിന്റെ സത്വത്തിൽ അഥവാ പ്രാരംഭ അവസ്ഥയിൽ നിന്നും കളങ്കമുള്ളതായി ത്തീരുമ്പോൾ ആ കളങ്കം നീക്കി അതിനെ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിനുള്ള പ്രക്രിയയ്ക്ക് കൂദാശ എന്നു പറയാം. വെള്ളമോ തീയോ ഉപയോഗിച്ചാണ് സാധാരണ ശുദ്ധീകരണം ചെയ്യാറുള്ളത്. മുറിവുകളാണെങ്കിൽ എണ്ണപുരട്ടി മുറിവുണക്കുന്നതും ശുദ്ധീകരണപ്രക്രിയ തന്നെ. എന്നാൽ വിശുദ്ധ കൂദാശ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവിക മാർഗ്ഗത്തിലൂടെ ഒരു ആത്മീക ശുദ്ധീകരണം എന്നതാണ്. ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ ദൈവബന്ധത്തിൽ ജീവനുള്ളതിനെയോ ജീവനില്ലാത്തതിനെയോ ഒക്കെ നിലനിർത്തുന്നതാണ് വി.കൂദാശ. ദൈവം സൃഷ്ടിച്ചതിനെയെല്ലാം "വളരെ നല്ലതായിട്ടാണ് ദൈവം കണ്ടത്" (ഉല്പ. 1.31). എന്നാൽ മനുഷ്യന്റെ പാപം മൂലം ഭൂമി ശപിക്കപ്പെട്ടു (ഉല്പ. 3.17) സർവ്വ സൃഷ്ടിയും "ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള വിടുതലും.... സ്വാതന്ത്ര്യവും നേടുന്നതിന് ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു" (റോമ. 8.19-22) എന്ന് വി.പൗലോസ് പറയുന്നതിലൂടെ സൃഷ്ടിയുടെ ആത്യന്തിക ശുദ്ധീകരണ വാഞ്ചയാണ് വെളിപ്പെടുന്നത്. ഈ പ്രപഞ്ച ശുദ്ധീകരണ പ്രക്രിയയിൽ വി.കൂദാശയ്ക്ക് ഇടം കണ്ടെത്തുവാൻ കഴിയുന്നു.

**പുതിയജീവൻ**

പാപത്താൽ വികലമാക്കപ്പെട്ട പ്രപഞ്ച ജീവിതത്തിന് പുതുക്കം നല്കുവാൻ ക്രിസ്തുലോകത്തിലേക്ക് വന്നു. യേശുക്രിസ്തു സ്ഥാപിച്ച സഭയെ ശുദ്ധീകരണത്തിലൂടെ ദൈവരാജ്യമെന്ന സൃഷ്ടിയുടെ പുതിയ ജീവനിലേക്കു വരുത്തുവാനുള്ള ദൗത്യമാണ് തന്റെ ശിഷ്യന്മാരെ ഏല്പിച്ചത്. "നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ; രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യമായി കൊടുപ്പിൻ" (മത്തായി 10.7,8; മർക്കോസ് 16.18; ലൂക്കോ. 10.9). ദൈവരാജ്യം ദൈവഭരണപ്രദേശമാണ്. പ്രപഞ്ചം മുഴുവനും ദൈവഭരണ പ്രദേശമായിരുന്നപ്പോൾ അവിടെ ഏദൻതോട്ടത്തിൽ സാത്താൻ പ്രവേശിച്ച് അതിനെ അവന്റെ ഭരണ പ്രദേശമാക്കിത്തീർക്കുവാൻ മനുഷ്യൻ ഉപകരണമായി. അങ്ങിനെ ശപിക്കപ്പെട്ട പ്രപഞ്ചത്തിന് അതിന്റെ തനിമയും സത്വവും വീണ്ടെടുക്കുവാനുള്ള ദൈവിക ഇടപെടൽ ആവശ്യമായി വന്നു. ശാപത്തിനെന്നപോലെ ഈ ശുദ്ധീകരണ പ്രക്രിയയ്ക്കും മനുഷ്യൻ തന്നെ ഉപകരണമായിത്തീരേണ്ടിയിരിക്കുന്നു എന്നതാണ് സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു (റോമ. 8.19) എന്ന വാക്യത്തിലൂടെ പൗലോസ് വ്യക്തമാക്കുന്നത്. ഈ ദൈവിക ഇടപെടലിന് മുഖാന്തിരമാണ് വിശുദ്ധ സഭ. അത് ക്രിസ്തുവിന്റെ ശരീരം തന്നെയാകുന്നു.

പാപത്താൽ കളങ്കിതമായിരിക്കുന്ന ഒരു ലോകത്തിലാണ് സഭ നിലനില്ക്കുന്നത്. സൃഷ്ടിക്കു മുഴുവൻ പുതിയ ജീവൻ പകർന്നു കൊടുത്ത് സൃഷ്ടിയെ പുതുതാക്കുവാൻ ക്രിസ്തുവിന്റെ ഒരു പുതിയ സൃഷ്ടിതന്നെയാണ് വിശുദ്ധ സഭ. ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും സ്വാതന്ത്ര്യവും (റോമ. 8.20) നേടിക്കൊടുക്കുവാനുള്ള ദൈവപുത്രന്മാരുടെ ശ്രമത്തിനുള്ള പ്രവർത്തനരംഗമായി യേശു അതിനെ സ്ഥാപിച്ചു. സാത്താന്റെ ശക്തിക്ക് അതിനെ തോല്പിക്കുവാൻ കഴിയാത്ത വിധം തിന്മയിൽ നിന്ന് അതിനെ സ്വതന്ത്രമാക്കുവാനുള്ള അധികാരം ക്രിസ്തു അതിന്റെ അടിസ്ഥാനകല്ലുകളായ തന്റെ പ്രിയപ്പെട്ട അപ്പോസ്തോലന്മാർക്കു നല്കി (മത്താ. 16.18, 19; 18.18;

യോഹ. 20.23) സൃഷ്ടിയുടെ ആരംഭ ത്തിൽത്തന്നെ പാഴും ശൂന്യവുമായിരുന്നതിന്റെ മേൽ ആവസിച്ച് അതിൽ നിന്നു പുതിയ രൂപവും ഭാവവും ഉള്ള പ്രപഞ്ചമാക്കിത്തീർത്ത ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് തന്നെ (ഉല്പ. 1.2) ആ സൃഷ്ടിയിൽ ഉൾപ്പെട്ട കന്യക മറിയാമിന്മേൽ ആവസിച്ച് പ്രകൃതിയ്ക്കതീതമായ കന്യകാ ജന നത്തിലൂടെ യേശുക്രിസ്തുവെന്ന രണ്ടാം ആദാ മിന് രൂപം നല്കി (ലൂക്കോ.1.35) ഇതേ പരിശു ദ്ധാത്മാ പ്രവർത്തനത്താൽ ദൈവരാജ്യത്തിന്റെ പുതിയ ജീവൻ പ്രാപിക്കുവാൻ ഓരോരുവനും പരിശുദ്ധാത്മാവു മുഖാന്തിരം പുതുതായി ജനി ക്കേണ്ട ആവശ്യകതയും നിക്കോദീമോസിനുള്ള ഉപദേശത്തിലൂടെ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചു (യോഹ.3.5-8). ആയതിനാൽ ദൈവരാജ്യത്തിന്റെ ഭൗതീകാവിഷ്ക്കാരമായിരിക്കുന്ന സഭയിൽ അംഗ മാകുന്ന ഏതൊരാളും ഈ പുതിയ ജീവൻ സ്വീക രിക്കേണ്ടതും അത് പ്രതിഫലിപ്പിക്കേണ്ടതുമാണ്.

പുതിയ ജീവനിലേക്കു കടക്കണമെങ്കിൽ പഴയ ജീവിതത്തിൽ നിന്നും ഒരു പുറപ്പാട് ആവ ശ്യമാണ്. ഈ ലോകത്തിൽ നിന്നുമുള്ള ഒരു ബന്ധം വേർപെടുത്തൽ ആവശ്യമാണ്. ഭൂമിയിൽ നിന്നോ ചുറ്റുമായി നില്ക്കുന്നവരിൽ നിന്നോ അക ന്നുമാറിപ്പോകണമെന്നല്ല. അത് പൗലോസ് ശ്ലീഹാ പറയുന്നതുപോലെ (1 കോരി.5-10) ദുഷ്ക്കരമായി രിക്കും. എന്നാൽ സഭയിൽ സജീവാംഗമായി ചേര ണമെങ്കിൽ സാത്താന്റെ ശക്തികളോടും വഴിക ളോടും എന്നന്നേക്കുമായി വിടപറഞ്ഞുകൊണ്ട് ഈ ലോകത്തിൽ "അന്യരും പരദേശികളുമായി" പാർക്കണം (1 പത്രോ. 2.11). അതിൻ പ്രകാരം ഏതൊരു സഭാംഗവും തനിക്കും ലോകത്തിനുമി ടയിൽ കൃത്യമായ ഒരു അതിർ നിശ്ചയിക്കേണ്ടി യിരിക്കുന്നു. ആയതിനാൽ സാത്താനെ പരസ്യ മായി ഉപേക്ഷിക്കുകയും "പഴയ പുളിമാവിനെ നീക്കിക്കളഞ്ഞ് പുതിയ പിണ്ഡം ആയിത്തീരേ ണ്ടിയിരിക്കുന്നു (1 കോരി.5.7). ഈ അടിസ്ഥാന ത്തിലാണ് സഭയിലേക്കു ചേരുവാൻ സ്നാനമേ ല്ക്കുമ്പോൾ സാത്താനെ സ്നാനാർത്ഥിയുടെ മേൽ കുരിശു വരച്ച് മുദ്രയിടൽ നടത്തുന്നത്. ഇത് പൗരാണിക കാലം മുതൽ സഭയിൽ നില്ക്കുന്ന പാരമ്പര്യമാണ്. അതിന്റെ വ്യക്തിപരമായ പൂർത്തീകരണമാണ് പടിഞ്ഞാറോട്ട് തിരിഞ്ഞ് നിന്ന് മുന്നു പ്രാവശ്യം സാത്താനെ ഉപേക്ഷിച്ചു പറയുകയും കിഴക്കോട്ടു തിരിഞ്ഞ് മൂന്ന് പ്രാവശ്യം യേശുക്രിസ്തുവിനെ വിശ്വസിച്ച് ഏറ്റുപറയുകയും ചെയ്യുന്ന രീതി. ഇത് എല്ലാ ഓർത്തഡോക്സ് സഭകളിലും മാമോദീസ മുങ്ങുന്നതിനുമുമ്പുള്ള ഒരു ശുശ്രൂഷയാണ്. ഇതിനുശേഷം വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ച് ദൈവരാജ്യ ത്തിലേക്ക് പ്രവേശിക്കുന്നു (യോഹ. 3.5). ഇവിടെ ദൈവരാജ്യ പുതുജീവൻ സഭാംഗത്തിൽ ആരംഭി ക്കുന്നു.

ഈ പുതിയ ജീവനിലുള്ള വളർച്ച എങ്ങിനെ തുടരുന്നുവെന്നും യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നുണ്ട്. "പിന്നെ അവൻ പറഞ്ഞത്; ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറി ഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴു ന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളച്ചു വളരുന്നതുപോലെ ആകുന്നു. ഭൂമി സ്വയ മായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതി രിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു" (മ ർക്കോ.4.26-28). ഇപ്രകാരം വി.മാമോദീസ്സാ യിൽകൂടി ഈ പുതിയ ജീവൻ സ്വീകരിക്കുന്ന വ്യക്തി അത് ഹൃദയംഗമായി സ്വീകരിക്കുകയും അത് തന്നിൽ തുടരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച് അതിനുവേണ്ടിയുള്ള ജീവിത നടപടി ക്രമങ്ങളോടെ മുന്നേറുകയും ചെയ്യുമ്പോൾ പുതിയ ജീവൻ അവനിൽ പരിശുദ്ധാത്മാവിന്റെ അദൃശ്യമായ കൃപയാൽ പ്രവർത്തിപഥത്തിലായി ത്തീരും. എന്നാൽ ഈ അദൃശ്യമായ വളർച്ചയുടെ രീതി അവൻ അറിയണമെന്നില്ല എന്നത് "അവൻ അറിയാതെ വിത്തുമുളച്ചു വളരുന്നു" എന്ന ക്രിസ്തുവിന്റെ വാക്കിൽക്കൂടെ നമുക്കു വെളിവാ കുന്നു. വി.മാമോദീസ്സയിൽ കൂടി പരിശുദ്ധാത്മാ വിനാലുള്ള വീണ്ടും ജനനവും എങ്ങിനെ സാധി ക്കുമെന്ന നിക്കോദീമോസിന്റെ ചോദ്യത്തിന് യേശു വിന്റെ മറുപടിയും പരിശുദ്ധാത്മാ പ്രവർത്തന ത്തിന്റെ രഹസ്യാത്മകത മനുഷ്യ മനസ്സിന് ഗ്രഹി ക്കാവുന്നതിലധികമാണെന്ന് സ്പഷ്ടമാക്കുന്നു. "ഭൂമിയിലുള്ളത് നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളത് നിങ്ങ ളോടു പറഞ്ഞാൽ എങ്ങിനെ വിശ്വസിക്കും" (യോഹ. 3.12).

സഭയുടെ ജീവൻ മുഴുവനിലും പരിശു ദ്ധാത്മാവിന്റെ പ്രവർത്തനം സന്നിവേശിക്കപ്പെട്ടി രിക്കുകയാണ്. "സത്യത്തിന്റെ ആത്മാവു വരു മ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹ. 16.13) എന്ന ക്രിസ്തു വിന്റെ വാഗ്ദാനം ഇവിടെ ശ്രദ്ധേയം. മഴയും മഞ്ഞും അതാതുകാലത്ത് ഭൂമിയിൽ പെയ്യുകയും അതിനെ സജീവമാക്കി നിലനിർത്തുകയും സമൃ ദ്ധമായ ഫലമൂലാദികൾ പ്രകൃതിയുടെ ഉപയോ ഗത്തിന്നായി പുറപ്പെടുവിക്കുകയും ചെയ്യുന്നതു പോലെ പരിശുദ്ധാത്മാവും ദൈനംദിനം സഭയിൽ വ്യാപരിച്ച് അതിനെ ദൈവരാജ്യാനുസൃതമായി വളർത്തുന്നു. പെന്തിക്കൊസ്തി ശുശ്രൂഷയിലെ



# ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ



ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

**ഓ**ഗസ്റ്റ്- സെപ്തംബർ മാസങ്ങൾ ദൈവമാതാവിന്റെ പെരുന്നാൾ സമയമാണല്ലോ. ഈ സമയത്തുള്ള പ്രധാന വായനകൾ എല്ലാം ദൈവമാതാവിന് സഭയിലുള്ള സ്ഥാനവും അതിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനങ്ങലും വിശദമാക്കുന്നവയാണ്.

പാശ്ചാത്യ പൗരസ്ത്യ സഭകൾ ഒരേ പോലെ ഒരേ ദിവസം ആചരിക്കുന്ന പ്രധാന പെരുന്നാൾ ആണ് ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ. വാങ്ങിപ്പ്, ശൂനോയോ (The feast of the Departure of St. Mary) എന്ന പേരിൽ നാം ഈ പെരുന്നാൾ ആഘോഷിക്കുമ്പോൾ ബെസന്റിയൻ സഭകൾ "മറിയാം നിദ്രപ്രാപിച്ച പെരുന്നാൾ" (the dormition of St. Mary) എന്ന പേരിലാണ് ആഘോഷിക്കുന്നത്. കത്തോലിക്കാ സഭയാകട്ടെ മറിയാം ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് പഠിപ്പിക്കുന്നു.

പൗരസ്ത്യ സഭാ പാരമ്പര്യത്തിന്റെ പ്രാർത്ഥനകളിലും പാട്ടുകളിലും മാതാവിന്റെ നിര്യാണം വിശദമായി പ്രതിപാദിക്കുന്നുണ്ട്. മാതാവിന്റെ മരണ സമയത്ത് ശിഷ്യന്മാർ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേർന്നു എന്നും അവർ എല്ലാവരും ഒന്നിച്ച് മാതാവിന്റെ ശവമഞ്ചം വഹിച്ചു എന്നും കാണുന്നു. കൂടാതെ മാലാഖാമാരുടെ ഗണങ്ങളുടെ അകമ്പടിയും ആ യാത്രയിലുണ്ടായതായി വർണ്ണിക്കുന്നു. രക്ഷകൻ ജഡം എടുത്ത ശരീരമായതുകൊണ്ട് മാതാവിന്റെ ശരീരം ജീർണതക്ക് വിട്ടുകൊടുക്കാതെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നതിന് തയ്യാറായി എന്നു ചില സൂചനകളും ആ പ്രാർത്ഥനയിലുണ്ട്. എന്നാൽ ഇതിന് വലിയ പ്രാധാന്യം നല്കി കാണുന്നില്ല. നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ചില അപ്പോക്രിഫൽ പുസ്തകങ്ങളിൽ ഇത്തരത്തിലുള്ള ആശയങ്ങൾ നമുക്ക് കാണാം. ഹാനോക്കിനെയും ഏലിയാവിനെയുമൊക്കെ സ്വർഗ്ഗത്തിലേക്ക് കൈക്കൊണ്ടവനായ ദൈവം തനിക്ക് ശരീരം നല്കിയ മാതാവിന്റെ ശരീരം നാശത്തിന് വിട്ടുകൊടുക്കാതെ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ച് എന്നു പറയുന്നതിലും വലിയ അസാംഗത്യമൊന്നും ഇല്ല.

ദൈവമാതാവിന് സഭയിലുള്ള സ്ഥാനം എന്താണ്? പഴയ നിയമത്തിലെ പല അത്ഭുത സംഗതികളും മാതാവിന്റെ മുൻകുറിയായി പ. പിതാക്കന്മാർ പഠിപ്പിക്കുന്നു. ഉദാ. മുൾപ്പടർപ്പ് (പുറപ്പാ. 3:1-5), നിയമ പെട്ടകം (യോശുവ 3, 14; 4, 24), അഹറോന്റെ തളിർത്തവടി (സംഖ്യ. 17:8-10), ഗിദയോന്റെ രോമക്കെട്ട് (ന്യായ.7:8-10), സ്വർഗ്ഗീയ സിംഹാസനം (യെശയ്യ. 6:1-3), ജഡിക രഥം (യെഹെ. 1:1-18), പൂട്ടിയ വാതിൽ (യെഹെ.43:1-4), 44:1-2).

ഈ പ്രതീകങ്ങൾ ഓരോന്നും കന്യകമറിയാമിന്റെ മുൻസൂചനയായി ചിത്രീകരിച്ചിരിക്കുന്നു. അഗ്നി വസിച്ചിട്ടും ദഹിച്ചുപോകാത്ത മുൾപ്പടർപ്പുപോലെ അഗ്നിമയനായ ദൈവത്തെ വഹിച്ച കന്യകമറിയാം നിലകൊള്ളുന്നു. അഹറോന്റെ വടി ഈ ലോകത്തിലെ വളവും വെള്ളവും സ്വീകരിക്കാതെ പൂത്ത്കായ് ഉണ്ടായതുപോലെ കന്യകമറിയാമിൽ നിന്ന് ലോക സംബന്ധം കൂടാതെ മശിഹാ ജനിച്ചു. നിയപെട്ടകത്തിൽ കല്പനയും മന്നായും സൂക്ഷിച്ചു വന്നതുപോലെ കന്യകമറിയാമിൽ നിന്ന് ജനിച്ച ക്രിസ്തു ലോകത്തിന് പുതിയ കല്പനയും ലോകത്തെ പോഷിപ്പിക്കുന്ന അപ്പവും നല്കി. ഇപ്രകാരമുള്ള വിശദീകരണങ്ങളാണ് പിതാക്കന്മാർ നല്കിയിട്ടുള്ളത്.

ഈ പെരുന്നാളിൽ വി. മാതാവിനെഏറ്റവും കൂടുതൽ വിശേഷിപ്പിക്കുന്നത് "ഭാഗ്യവതി" എന്ന വിശേഷണം കൊണ്ടാണ്. ഇതിന്റെ പൗരസ്ത്യ സുറിയാനിയിലുള്ള പദമാണ് "തൂവാനീസാ". മാതാവ് എങ്ങനെയാണ് ഭാഗ്യവതിയായി തീരുന്നത്? ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രഖ്യാപനം മുതൽ ക്രൂശ് മരണം വരെ അത്യന്തം കൈപ്പേറിയതും അപമാനകരവുമായ അനുഭവങ്ങളിലൂടെയാണ് മാതാവ് കടുന്നുപോയത്. സ്വന്തം പുത്രൻ മുപ്പത്തിമൂന്നാം വയസ്സിൽ ക്രൂശിൽ പിടഞ്ഞു മരിക്കുന്നതിന് ദൃക്സാക്ഷിയാകേണ്ടി വന്നവളാണ് മാതാവ്. എന്നിട്ടും അവളെ ഭാഗ്യവതി എന്ന് വിളിക്കുന്നു. ലഭിച്ച ക്രൂശുകൾ വിനയപൂർവ്വം വഹിക്കുന്നതിനുള്ള സമർപ്പണമാണ് മാതാവിനെ ഭാഗ്യവതിയാക്കി തീർക്കുന്നത്. ഇന്നത്തെ ആളുകളുടെ ആഗ്രഹം ക്രൂശ് നീക്കുന്നതിലാണ് വഹിക്കുന്നതിലല്ല.

---

മൂന്നു സെദറാകളിലും പരിശുദ്ധാത്മാവ് ഈ പ്രക്രിയ ഏതെല്ലാം നിലകളിൽ നിർവ്വഹിക്കുന്നു എന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ. പൗലോസ് ശ്ലീഹ ഇതിനെ "അത്യന്ത ശക്തി" (2 കോരി 4.7) എന്നും പ. പത്രോസ് ശ്ലീഹാ ഇതിനെ "ദിവ്യശക്തി" (2 പത്രോ. 1.3) എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ ഏറ്റവും കൂടുതൽ പ്രാവശ്യം "ദൈവകൃപ" യെന്നാണ് പരിശുദ്ധാത്മാവ്യാപാരത്തെ സംബന്ധിച്ച് പുതിയ നിയത്തിൽ നാം കാണുന്നത്. "അതുകൊണ്ടു കരുണ ലഭിപ്പാനും തത്സസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക" (എബ്രാ. 4.16) എന്നതും നിരന്തരമായി പരിശുദ്ധാത്മാകൃപയിൽ സഭ വളർത്തപ്പെടുന്ന സത്യം നമ്മെ ഓർമ്മിപ്പിക്കുകയാണ്. എബ്രായ ലേഖനം 10-13 വരെയുള്ള അദ്ധ്യായങ്ങളിൽ ഈ ദൃശമായ സഭാ വളർച്ചയുടെ വിശദീകരണങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(തുടരും........)

# കാരിസ്മാറ്റിക് പ്രസ്ഥാനത്തോട് പൗരസ്ത്യ സഭയ്ക്കുള്ള പ്രതികരണം എന്തായിരിക്കണം? (തുടർച്ച....)

ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

**4. ആത്മീയ വരം**

ആത്മീയ ഉണർവു പ്രസ്ഥാനങ്ങളെല്ലാം എക്കാലത്തും പരിശുദ്ധാത്മദാനത്തിന്റെ ആത്മീയവരങ്ങളെ അടിസ്ഥാനമാക്കിയാണു പ്രവർത്തിക്കുന്നത്. വി. മത്തായി, ആത്മീയവരം മാത്രം അടിസ്ഥാനമാക്കി പ്രവർത്തിച്ചവരെക്കുറിച്ചു പറയുന്നുണ്ട്. (വി. മത്തായി 7:21-23) 'എന്നോട് കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോടു ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും'. ദൈവനാമത്തിൽ ആത്മീയവരം ഉപയോഗിച്ചു പ്രവർത്തിച്ചവരെ 'അധർമ്മം പ്രവർത്തിക്കുന്നവരെ' എന്നു വിളിച്ചിട്ടുണ്ട്. 'കർത്താവേ', ഞങ്ങളെ അറിയുന്നില്ലയോ എന്നുള്ള ചോദ്യത്തിനു 'അറിയുന്നില്ല' എന്നുള്ള ഉത്തരമാണു കൊടുത്തിരിക്കുന്നത്. ഇങ്ങനെയുള്ളവരെ അധർമ്മം പ്രവർത്തിക്കുന്നവർ എന്നു പറഞ്ഞിരിക്കുന്നതെന്തുകൊണ്ട്? കാരണം യഥാർത്ഥ വിശ്വാസവും ദൈവത്തെ അനുസരിച്ചു ജീവിക്കുന്ന ജീവിതവും തൻമൂലമുണ്ടാകുന്ന ആത്മീയ ഫലവുമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഇങ്ങനെയുള്ളവർ സ്വന്തം നേട്ടത്തിനും മഹത്ത്വത്തിനും മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനും വേണ്ടിയാണ് ആത്മീയവരത്തെ ഉപയോഗിക്കുന്നത്. അതുകൊണ്ടാണ്, അത് അധർമ്മമായ പ്രവർത്തിയായിത്തീർന്നത്. 'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അങ്ങനെയുള്ളവർക്കു യഥാർത്ഥമായ ആത്മീയ വളർച്ചയില്ലെന്നുള്ളതാണ് (എന്നാൽ ആത്മീയ വളർച്ചയുടെ പരിവേഷമുണ്ട്).

**5. ഇന്നു പ്രചാരത്തിലുള്ള ആത്മീയത**

ഇന്നു കാണുന്ന ആത്മീയ ജീവിതദർശനത്തിലും പ്രത്യേകിച്ച് ആത്മീയ ഉണർവു പ്രസ്ഥാനത്തിന്റെ ആത്മീയ ജീവിതദർശനത്തിലും വികലമായ ഒരു ചിന്താഗതി കടന്നുകൂടിട്ടുണ്ട്. സ്റ്റീഫൻ നീൽ ' The Spiritual Man' എന്ന പുസ്തകത്തിൽ എഴുതുന്നു: മേൽപ്പറഞ്ഞ ചിന്താഗതിയിൽ മനുഷ്യനിൽ ആത്മാവും (ദേഹി, പ്സുക്കി) ശരീരവും (ദേഹം, body) കൂടി ചേർന്നെന്നാണു ചിന്തിക്കുന്നത്. ഇവിടെ മനുഷ്യന് ആത്മാവ് (Spirit) എന്തെന്നു പറയുന്നില്ല. ദേഹം, ദേഹി എന്നു ദ്വയവീക്ഷണമാണ് ഇവിടെ കാണുന്നത് (ദേഹം, ദേഹി, ആത്മാവ് എന്ന ത്രിയാത്മ ചിന്താഗതി ഇല്ല). ദേഹിയും ആത്മാവും ഒന്നായിട്ടാണു കാണുന്നത്. മനുഷ്യനിലുള്ള ദേഹി (mind, soul) എന്നുള്ളതാണ് ആത്മീയ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായിട്ടു കാണുന്നത്. ബുദ്ധി, ചിന്ത, വികാരം, ഇച്ഛ, സ്വായത്തം എന്നിവ നിലകൊള്ളുന്നു. അതുകൊണ്ടു മൂന്നു തരത്തിലുള്ള ആത്മീയ ചിന്താഗതികൾ ഇവിടെ കാണാം.

(a) ചിന്തയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന രീതി (ധ്യാനാത്മകം)

(b) ബുദ്ധിപരമായ രീതി (intellectual)

(c) വികാരപരമായ രീതി (emotional)

പലപ്പോഴും വികാരപരമായ രീതിയാണ് കൂടുതലായി ഉണർവ് പ്രസ്ഥാനങ്ങളിലുള്ളത്. ചിന്താപരവും ബുദ്ധിപരവുമായ (intellectual) രീതികൾ തൃപ്തികരമല്ലാതെ വരുമ്പോഴാണ് വികാരപരമായ (emotional) രീതിയിലേക്കു പോകുന്നത്. ഈ വിധത്തിലുള്ള ആത്മീയ ജീവിതദർശനത്തിൽ സ്വയത്തിന്റെ (self) സംതൃപ്തിയാണ് എപ്പോഴും അടിസ്ഥാനപരമായി വരുന്നത്. അതുകൊണ്ട് സ്വന്തം സംതൃപ്തി, സ്വന്തം മഹത്ത്വം, സ്വയത്തിന്റെ നേട്ടങ്ങൾ (self satisfaction, self glory, self seeking) എന്നിവയ്ക്ക് പ്രാധാന്യം നല്കുന്നു.

ഇപ്രകാരമുള്ള വ്യഗ്രത ഈ വിധത്തിലുള്ള ആത്മീയ പ്രസ്ഥാനങ്ങൾക്കാണുള്ളത്. ഇവിടെ ദൈവമഹത്ത്വത്തിനു വേണ്ടിയെന്നുള്ളത് ആഴമായിട്ടല്ല ബാഹ്യമായി മാത്രമേ കാണുന്നുള്ളൂ. അതുകൊണ്ടാണു പ്രചരണത്തിന് (publicity) കൂടുതൽ പ്രാധാന്യം നല്കുന്നത്. സ്വയകേന്ദ്രീകൃതമായ (self central) ആത്മീയ ജീവിതദർശനമാണിത്.

ദേഹി അടിസ്ഥാനമാക്കിയുള്ള (soul oriented) ആത്മീയ ജീവിതദർശനം മനുഷ്യന്റെ വ്യക്തിത്വത്തിന് മുഴുവനായി ആത്മീയ വളർച്ച ഉളവാക്കുന്നില്ല. ദേഹി ആസ്പദമാക്കിയുള്ള ആത്മീയ ജീവിതദർശനം പഴയ മനുഷ്യന്റെ സ്വഭാവമാണ്. ക്രിസ്തീയ വിശ്വാസത്തിലൂടെ ചിന്തക്കും ബുദ്ധിക്കും വികാരത്തിനും മറ്റും ചില മാറ്റങ്ങൾ വരുത്തുന്ന പ്രക്രിയയായിട്ടാണ് രക്ഷയെക്കുറിച്ചുള്ള വീക്ഷണം. 'രക്ഷ'യെന്നുള്ളതിൽ മനുഷ്യന്റെ ചിന്തക്കും ബുദ്ധിക്കും മറ്റും ചില മാറ്റങ്ങൾ (improvement) വരുത്തുക എന്നുള്ള ചിന്താഗതി ഇതിലുണ്ട്. ഇവിടെ മനുഷ്യവ്യക്തിത്വത്തിന്റെ സമ്പൂർണ്ണമായ ശുദ്ധീകരണത്തിൽ രൂപാന്തരത്തിന് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. ഈ ആത്മീയദർശനം സ്വയം അടിസ്ഥാനമാക്കി (Self oriented) യുള്ളതാണ്. ഇപ്രകാരമുള്ള സ്വയകേന്ദ്രീകൃത (self centred) മാക്കിയുള്ള പഴയമനുഷ്യന്റെ ജീവിതരീതി മാറ്റണമെന്നാണ് മിശിഹാ തമ്പുരാൻ പഠിപ്പിച്ചത്. 'എന്നെ അനുഗമിക്കാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ' (ലൂക്കോസ് 9:23).

ഇവിടെ തന്നെത്താൻ ത്യജിക്കുക എന്നുള്ളതു പഴയ മനുഷ്യന്റെ സ്വയം കേന്ദ്രീകൃതമാക്കിയുള്ള ജീവിതരീതി മാറ്റണമെന്നാണ്. ഇവിടെ (self) 'സ്വയം' എന്നുള്ളതിനു ഗ്രീക്കിൽ 'പ്സുക്കി' എന്നുള്ളതാണ് ഉപയോഗിക്കുന്നത്. ദേഹി ആസ്പദമാക്കിയുള്ള (soul oriented) പഴയ മനുഷ്യന്റെ സ്വഭാവം കൈവെടിയണമെന്നുള്ളതാണ്. സ്വയത്തെവെടിഞ്ഞ് ദൈവാശ്രയമുള്ളവനായി (God Centred) തീർന്ന് പുതിയ സൃഷ്ടിയായിത്തീരുന്നതാണ്. ക്രിസ്തീയ ആത്മീയ ജീവിതദർശനത്തിന് ഇതാണ് 'കുരിശെടുത്ത് എന്റെ പിന്നാലെ വരുക'യെന്നതിന് അർത്ഥം. അത് കൊണ്ടാണ് പൗരസ്ത്യസഭ ദേഹി അടിസ്ഥാനമാക്കിയുള്ള (soul oriented) ആത്മീയ ജീവതദർശനം സ്വീകാര്യമല്ലെന്ന് പറയുന്നത്.

## 6. പൗരസ്ത്യസഭയുടെ ആത്മീയ ജീവതദർശനം

മുൻപ് പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് പൗരസ്ത്യസഭ ആത്മീയജീവിതത്തെ കാണുന്നത്. മനുഷ്യനെ രണ്ടായിട്ടല്ല മൂന്നായിട്ടാണ് കാണുന്നത്.

**(i) ദേഹം (Body)**

മനുഷ്യന് ലോകവുമായി ബന്ധിപ്പിക്കുന്നത് അവന്റെ ശരീരമാണ്. മനുഷ്യന്റെ ആത്മീകവും ലൗകീകവുമായ എല്ലാ കാര്യങ്ങളും ദേഹത്തിൽകൂടിയാണ് പ്രകടമാകുന്നത്.

**(ii) ദേഹി (soul, പ്സുക്കി)**

ഇവിടെയാണ് മനസ്സ്, ബുദ്ധി, ചിന്ത, വികാരം, ഇച്ഛ തുടങ്ങിയവ നിലകൊള്ളുന്നത്. പ്രത്യേകിച്ച് മനുഷ്യന്റെ സ്വയം (Self) എന്നതിന്റെ അടിസ്ഥാനം ദേഹിയാണ്.

**(iii) ആത്മാവ് (Sprit)**

മനുഷ്യന്റെ ആത്മാവിനെ ദൈവത്തിന്റെ ആത്മാവുമായി കൂട്ടികുഴയ്ക്കരുത് രണ്ടും രണ്ടാണ്. ദൈവത്തിന്റെ ആത്മാവ് മനുഷ്യന്റെ ആത്മാവിൽകൂടിയാണ് പ്രവർത്തിക്കുന്നത്. ആത്മാവാണ് മനുഷ്യന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദു. മനുഷ്യന്റെ ആത്മാവിനെ Image of God എന്നും ഹൃദയമെന്നും പറയാറുണ്ട് മനുഷ്യന്റെ ആത്മാവാണ് ദൈവസംസർഗ്ഗത്തിന്റെ (Communion) മുഖാന്തിരം. ദൈവസംസർഗ്ഗത്തിലൂടെയാണ് മനുഷ്യന്റെ ആത്മാവിനു പ്രകാശനം (intution) ലഭിക്കുന്നത്. മനുഷ്യന്റെ ആത്മാവിനു പ്രകാശനം ലഭിക്കുമ്പോഴാണ് മനസ്സാക്ഷി (Concociouness), ആത്മസാക്ഷി ശരിക്ക് പ്രവർത്തിക്കാൻ ഇടയാകുന്നത്. ദൈവസംസർഗ്ഗത്തിനുള്ള കഴിവ്, ആത്മീയ പ്രകാശനം, മനസ്സാക്ഷിയുടെ പ്രവർത്തനം ഇവയാണ് മനുഷ്യന്റെ ആത്മാവിൽ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾ

**7.** ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ സംയോജിച്ച പ്രവർത്തനമാണ് മനുഷ്യവ്യക്തിത്വത്തിന്റെ അടിസ്ഥാനം. മനുഷ്യാത്മാവ് ദൈവത്തിനു വിധേയമായും പ്രവർത്തിക്കണമെന്നുള്ളതായിരുന്നു സൃഷ്ടിയിൽ ദൈവത്തിന്റെ ഉദ്ദേശ്യം. എന്നാൽ മനുഷ്യന്റെ പാപത്തോടുകൂടി അവന്റെ ഈ ജീവിതശൈലി നഷ്ടപ്പെട്ടു. പാപംമൂലം ദൈവസംസർഗം നഷ്ടപ്പെട്ടപ്പോൾ മനുഷ്യന്റെ ആത്മാവ് നിർജീവമായി. തൻമൂലം മനുഷ്യന്റെ ദേഹമോ ദേഹിയോ അവന്റെ ജീവിതത്തിന്റെ അടി

സ്ഥാനമായി. അതുകൊണ്ട് ഒന്നുകിൽ മനുഷ്യൻ ജഡീകസുഖത്തിൽ ഭോഗപ്രിയനായിത്തീർന്നു. അല്ലെങ്കിൽ ദേഹി (soul) അധിഷ്ഠിതമായ ബുദ്ധി ജീവിയോ വികാരജീവിയോ ആയിത്തീർന്നു.

**8.** 'എന്നെ അനുഗമിക്കാൻ ഒരുവൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ' (വി. ലൂക്കോസ്9:23). സ്വായാധിഷ്ഠിതമായ ജീവിതത്തിൽ നിന്നും (Self centred) ദൈവാശ്രയമുള്ള (God centred) ദൈവാധിഷ്ഠിതമുള്ള ജീവിതത്തിലേക്കു വളരുക എന്നുള്ളതാണു 'കുരിശ് എടുത്ത് എന്നെ അനുഗമിക്കുക' എന്നതിന്റെ സാരം. അതായതു, വിശ്വാസത്തിലുള്ള മനുഷ്യന്റെ ആത്മാവു വീണ്ടും സജീവമായിത്തീരണം. നഷ്ടപ്പെട്ടു പോയ ആത്മാവിന്റെ ദൈവസംസർഗ്ഗം വിശ്വാസത്തിലൂടെ പുനർജീവിപ്പിക്കപ്പെടണം. അപ്പോൾ ആത്മാവിന് ആവശ്യമായ ദൈവീക പ്രകാശം (intution) ലഭിക്കുന്നു. അതായത് ആത്മാവിന്റെ പ്രകാശം (intution) മനഃസാക്ഷിയെ, നന്മ,തിന്മകളെ വിവേചിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിന് അവന്റെ ദേഹത്തേയും ദേഹിയേയും സഹായിക്കുന്നു. പരിശുദ്ധാത്മാവു മനുഷ്യന്റെ ആത്മാവിൽകൂടിയാണ് പ്രവർത്തികുന്നത്. അപ്പോൾ മനുഷ്യന്റെ ആത്മാവ് സജീവമായിത്തീരുന്നു. തന്മൂലം ദേഹത്തേയും ദേഹിയേയും നിയന്ത്രിക്കുന്നതിനു സാധിക്കുന്നു. അങ്ങനെ ആത്മാവ്, ദേഹം, ദേഹി എന്നിവയുടെ കൂട്ടായ പ്രവർത്തനം വീണ്ടും പുനഃസ്ഥാപിക്കപ്പെടുന്നു. ഇപ്രകാരമുള്ള പ്രവർത്തനം മനുഷ്യവ്യക്തിത്വത്തിന് ആകമാനമായി ശുദ്ധീകരണവും പരിവർത്തനവും ഉളവാകുന്നു. ഇത് അവനെ ദൈവാനുരൂപീകരണമുള്ളവനാക്കി (ദൈവസ്വഭാവമുള്ളവനാക്കുന്നു, deification) ത്തീർക്കുന്നു. ഇപ്രകാരമുള്ള അനുഭവത്തിൽ വളരുന്ന ആത്മീയ ദർശനമാണ് പൗരസ്ത്യസഭയിലുള്ളത്. ഇപ്രകാരമുള്ള ഒരാത്മീയ ഫലമുളവാക്കുന്ന അനുഭവം പൊടുന്നനവെ ലഭിക്കുന്ന കാര്യമല്ല. ഇതിനു കൂടുതൽ സഹനശക്തിയും ക്ഷമയും കാത്തിരുപ്പും ആവശ്യമാണ്. പൗരസ്ത്യസഭയുടെ ആത്മീയ ജീവതശിക്ഷണ (നോമ്പും പ്രാർത്ഥനയും ആരാധനയും)ത്തിനു ക്രമമായി 'നാൾതോറും' വിധേയമാകുമ്പോഴാണ് ഈ ആത്മീയ അനുഭവം ലഭ്യമാകുന്നത്.

**9.** ഈ ആത്മീയ ജീവിതദർശനത്തിൽ അനുതാപത്തിനാണു കൂടുതൽ പ്രാധാന്യം നല്കുന്നത്. അതുകൊണ്ട് ആത്മീയ ജീവിതശിക്ഷണമായ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും പ്രാധാന്യം നല്കുന്നു. ഈ ആത്മശിക്ഷണമാണു മനുഷ്യനെ കൂടുതൽ അനുതാപബോധമുള്ളവനായിത്തീർക്കുന്നത്. പൗരസ്ത്യ സഭയുടെ ആത്മീയ ജീവിതദർശനം 'കുറിയേലായിസോൻ' എന്ന പദത്തിൽ സംക്ഷിപ്തമായിരിക്കുന്നു. 'ദൈവമേ! പാപിയായ എന്നോടു കരുണ തോന്നേണമെ' ഇത് ആത്മീയ ഉണർവു പ്രസ്ഥാനങ്ങൾ പഠിപ്പിക്കുന്ന 'ഹാലേലൂയ്യാ' എന്ന ആത്മീയ ദർശനത്തിൽ നിന്നു വളരെ വ്യത്യസ്തമാണ്. 'ദൈവമേ, ഞാൻ പരിശുദ്ധനാകുന്നു, നിനക്കു സ്തുതി' ഇതു പരീശമനോഭാവ വിശുദ്ധിയും ആത്മീയ അഹങ്കാരവുമാണുള്ളത്. എന്നാൽ പൗരസ്ത്യ സഭയുടേതു 'ദൈവമേ, നീ പരിശുദ്ധനാകുന്നു, ഞങ്ങളോടു കരുണയുണ്ടാകണമെ' എന്നുള്ളതു അനുതാപത്തിന്റെയും താഴ്മയുടെയും പരിപൂർണ്ണമായ ദൈവാശ്രയത്തെയും സൂചിപ്പിക്കുന്നു.

**സമാപനം**

പാശ്ചാത്യ ക്രിസ്തീയ കാരിസ്മാസ്റ്റിക്, വിടുതൽ, പെന്തിക്കോസ്ത് എന്നിവയുടെ ആത്മീയ ജീവിത വീക്ഷണം പൗരസ്ത്യ സഭയിൽ നിന്ന് വളരെ വ്യത്യസ്തമാണ്. പൗരസ്ത്യസഭയിൽ ആത്മീയ ഫലമുളവാക്കുന്ന ആത്മീയ ജീവിത ദർശനത്തിനാണ് പ്രാധാന്യം നല്കുന്നത്. അതായത്, മനുഷ്യവ്യക്തിത്വത്തിന് ആകമാനം (ദേഹം, ദേഹി, ആത്മാവ്) ആവശ്യമായിരിക്കുന്ന ശുദ്ധീകരണത്തിനും രൂപാന്തരത്തിനും ദൈവാനുരൂപീകരണത്തിനുമാണ് പ്രാധാന്യം നല്കുന്നത്. ആത്മീയ ഉണർവ് പ്രസ്ഥാനങ്ങൾ പറയുന്നതു പോലെ ആത്മീയ വരങ്ങൾക്കോ വികാരപരമായ അനുഭവത്തിനോ അല്ല പ്രാധാന്യം നല്കുന്നത്. ആത്മീയ പ്രസ്ഥാനങ്ങൾ പ്രസംഗിക്കുന്നതിനും ആത്മീയവരങ്ങളുടെ പേരിൽ പ്രവർത്തിക്കുന്നതിനും തന്മൂലം മനുഷ്യനെ വികാരപരമായി ഇളക്കുന്നതിനും സഹായിക്കുന്നു. എന്നാൽ അത് ആഴമേറിയ ആത്മീയ പരിവർത്തനമോ ആത്മീയ ഫലമുളവാക്കുന്ന രൂപാന്തരമോ ഉളവാക്കുന്നില്ല. ആത്മീയ ഉണർവ് പ്രസ്ഥാനങ്ങൾ ബാഹ്യമായ വേഗത്തിലുള്ള ചില വ്യത്യാസങ്ങൾ കൈവരിക്കുവാൻ സഹായിക്കുന്നുവെങ്കിലും ആഴമേറിയ ആത്മീയ രൂപാന്തരത്തിന് സഹായിക്കുന്നില്ല. ഉണർവ് ആത്മീയ പ്രസ്ഥാനങ്ങൾ ആത്മീയവരത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. (1. തീമോത്തി 6:56–6) 'അവർ ദൈവഭക്തി ആദായ സൂത്രം എന്ന് വിചാരിക്കുന്നു. അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും'.

**സഭയുടെ തെറ്റായ സമീപനം**

പൗരസ്ത്യ സഭയുടെ മന്ദീഭവിച്ചു പോകുന്ന ആത്മീയ ചൈതന്യം വീണ്ടെടുക്കുവാൻ സഭ എന്തു ചെയ്യണം? മേൽ പറഞ്ഞ രീതിയിലുള്ള ആത്മീയ ഉണർവ് പ്രസ്ഥാനങ്ങളെ അനുകരിക്കണമെന്നാണ് ചിലർ പറയുന്നത്. 'നല്ലതെല്ലാം സ്വീകരിക്കണമെന്നാണ്' ഇങ്ങനെയുള്ളവരുടെ അഭിപ്രായം. അപ്രകാരമുള്ള അനുകരണ ഭ്രമം പൗരസ്ത്യ സഭാവിശ്വാസികളുടെ ആത്മീയ പാപ്പരത്തമാണ് കാണിക്കുന്നത്. പൗരസ്ത്യസഭയുടെ ആത്മീയ ജീവിതാനുഭവമുള്ള ഒരു വിശ്വാസിയും ഇപ്രകാരം അന്ധമായി അനുകരിക്കണമെന്നാവശ്യപ്പെടുകയില്ല. പൗരസ്ത്യ സഭയ്ക്ക് അതിന്റേതായ ആത്മീയ ജീവിതദർശമുണ്ട്. അത് മനസ്സിലാക്കി, ജീവിതവുമായി ബന്ധപ്പെടുത്തേണ്ടതാണ് സഭയുടെ ആത്മീയ ഉണർവിന് ആവശ്യമായിട്ടുള്ളത്. സ്വന്തം വീട്ടിലെ സമൃദ്ധമായ ആഹാരം അനുഭവിക്കാതെ അയൽവക്കത്തെ വീട്ടിലെ ആഹാരത്തിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത കുട്ടികളുടെ സ്വഭാവമാണ്. ഇന്ന് അനുകരിക്കണമെന്ന് പറയുന്ന ഓർത്തഡോക്സ് സഭയിലെ ചിലവരിൽ കാണുന്ന പ്രവണതയും ഇതു തന്നെയാണ്. മകൻ അയച്ചുകൊടുത്തത് ഡോളറാണെന്ന് മനസ്സിലാക്കാതെ, അവയെ വെറും പടങ്ങളായി കണ്ട് അലമാരയിൽ സൂക്ഷിച്ചു വച്ചിട്ട് പട്ടിണികിടന്ന അമ്മയുടെ അനുഭവമാണ് ഓർത്തഡോക്സ് വിശ്വാസികൾക്ക് ഇപ്പോഴുള്ളത്. സ്വന്തം സഭയുടെ ആത്മീയ ജീവിത ദർശനം മനസ്സിലാക്കാതെ, അത് മാറ്റിവച്ചിട്ട് ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്നു. ഈ ആത്മീയ ദാരിദ്ര്യത്തിന്റെ ലക്ഷണമാണ് അനുകരണ ഭ്രമം.

*(ഗീവർഗീസ് മല്പാൻ തുടർച്ച പേജ്.......17)*

നമ്മുടെ സഭ കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ ഇൻഡ്യയിൽ പുരോഗമിക്കുന്നതിനു മല്പാനു വളരെയധികം ആഗ്രഹം ഉണ്ടായിരുന്നു. കാതോലിക്കാ സ്ഥാപനത്തിനുവേണ്ടി അദ്ദേഹം സധൈര്യം നിലകൊണ്ടു. ഒന്നാം കാതോലിക്കാ ബാവാ കോലഞ്ചേരിപ്പള്ളിയിൽ നിന്ന് നെഞ്ചത്തടിച്ച് മാർ പത്രോസ് പൗലോസ് ശ്ലീഹാന്മാരെ വിളിച്ച് അപേക്ഷിച്ചുകൊണ്ട് മൂവാറ്റുപുഴയ്ക്കും പാമ്പാക്കുടയ്ക്കും കാൽനടയായി ഇറങ്ങിപുറപ്പെടേണ്ടി വന്നപ്പോൾ കഥാപുരുഷൻ തന്റെ ഗുരുവിനെ സങ്കടപൂർവ്വം അനുഗമിച്ചു. മല്ലപ്പള്ളി തിരുമേനിയുടെ മുടക്കു തീർത്ത പാത്രിയർക്കീസ് ബാവായുടെ കല്പന തന്റെ കയ്യിലുണ്ടെന്നു മാർ യൂലിയോസ് മെത്രാപ്പോലീത്താ എറണാകുളത്തു വെച്ചു ജനക്കൂട്ടത്തോടു സംസാരിച്ചതു മലയാളത്തിലേക്ക് തർജ്ജിമചെയ്തതു മല്പ്പാനായിരുന്നു. ആ കല്പന എവിടെ പോയി? ചിലരുടെ ചതിവും കളവുമാണ് നമ്മുടെ സഭയെ അധഃപതിപ്പിച്ചതും ഇപ്പോഴും അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നതും. നമ്മുടെ ജാതിക്കു നല്ല കാര്യങ്ങൾ ചെയ്യുവാൻ സമയമില്ലെന്നും കോടതി കയറുവാനും വഴക്കടിക്കുവാനും മാത്രമേ സമയമുള്ളു എന്നും കല്പിച്ചു ഇപ്പോഴത്തെ കാതോലിക്കാബാവാതിരുമേനി മനസ്സുകൊണ്ട് നെടുവീർപ്പിടുന്നതു ഞാൻ ഒന്നിലധികം പ്രാവശ്യം കണ്ടിട്ടുണ്ട്. മാർ ഏലിയാസ് പാത്രിയർക്കീസ് ബാവാ കോലഞ്ചേരിയിൽ താമസിച്ചപ്പോൾ അദ്ദേഹത്തിന്റെ കട്ടിലിനുമീതെ സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്ന് മല്പാൻ തന്റെ സ്വന്തം കൈകൊണ്ട് വലിയ അക്ഷരത്തിൽ സുറിയാനിയിൽ തങ്കമഷിയിൽ എഴുതിവച്ചു. ആ എഴുത്ത് മുറിയുടെ വരാന്തയിൽ ഇപ്പോഴും കാണാം. കാതോലിക്കാ സ്ഥാപനം ഇൻഡ്യയിൽ ഉറപ്പിച്ച് സുപ്രീംകോടതി വിധിയുണ്ടായപ്പോഴും, പാത്രിയർക്കീസ് ബാവായുടെ സമാധാന കല്പന അനുസരിച്ച് ഇരുഭാഗങ്ങളിലെയും മെത്രാന്മാർ പഴയസിമ്മാനാരി മദ്ബഹായിൽ കയറി പ്രാർത്ഥിച്ച് തമ്മിൽ കൈകൊടുത്തപ്പോഴും മല്പാന്റെ ഹൃദയം തുള്ളിച്ചാടി. ഇതിനുശേഷം ഒരു മെത്രാനും കുറെപ്പേരും വിരുദ്ധമായി നിൽക്കേണ്ടകാര്യം എന്തെന്ന് അനേകരെപ്പോലെ മല്പാനും അത്ഭുതപ്പെട്ടുകൊണ്ടിരുന്നു. കാലക്രമേണ സമാധാനത്തിന്റെ പ്രഭ എല്ലാം ശരിപ്പെടുത്തുമെന്നും, ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ കല്പിച്ചതുപോലെ കക്ഷിത്വവും വഴക്കുകളും അവസാനിച്ച് കിഴക്കൻ സഭകളിലും സർവ്വ ക്രിസ്തീയ ലോകത്തിനും നമുക്കു മഹത്തായ ഭാവിയുണ്ടെന്നും ഉള്ള ശരണത്തിലാണ് മല്പാൻ ശവക്കുഴിയിലേക്ക് ഇറങ്ങിയിട്ടുള്ളതും ഉയിർക്കുവാനിരിക്കുന്നതും.

### ദൈവകൃപയാൽ

## കണ്ടനാട് ഭദ്രാസന ഇടവകയുടെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

**നമ്മുടെ കണ്ടനാട് മെത്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാര ന്മാരും മറ്റു ഭരണസമിതി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്**

കർത്താവിൽ പ്രിയരെ,

നമ്മുടെ സഭയുടെ ചട്ടംകെട്ടുകളും ഭരണഘടനയും അനുസരിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ 1974 ഒക്ടോബർ 2-ാം തീയതി കൂടി നമ്മെ മേല്പട്ടസ്ഥാനത്തേയക്ക് തെരഞ്ഞെടുക്കുകയും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും പ. മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരുന്ന ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടുകൂടി 1975 ഫെബ്രുവരി 16-ാം തീയതി നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ച് മാർ പക്കോമിയോസ് എന്ന സ്ഥാനനാമത്തിൽ നമ്മെ മെത്രാപ്പോലീത്താ ആയി വാഴിക്കുകയും ചെയ്തത് നിങ്ങൾക്ക് ഏവർക്കും അറിവുള്ളതാണല്ലോ. തുടർന്ന് മുറപ്രകാരം കോട്ടയം മെത്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടതനുസരിച്ച് നാം ആ സ്ഥാനം ഏറ്റെടുത്തു ചുമതലകൾ നിർവ്വഹിച്ചുവരവെ 1976 മെയ് 31-ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടുകൂടിയും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും പ്രസ്തുത സ്ഥാനത്തു തുടരുന്നതോടൊപ്പം കണ്ടനാട് മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്ത ആയും പ. ബസ്സേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 115/1976-ാം നമ്പർ കല്പന മൂലം നമ്മെ നിയമിക്കുകയും 1976 ജൂലൈ 25-ാം തീയതി വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ വച്ചു സുന്ത്രോണീസ്സോ ശുശ്രൂഷനടത്തി സ്ഥാത്തിക്കോൻ വായിച്ചു നമുക്ക് നല്കി കണ്ടനാട് മെത്രാസന ഭരണം നമ്മെ ഏല്പിച്ചതും നിങ്ങൾക്കു അറിവുള്ളതാണല്ലോ.

പ്രിയരെ!

കർത്താവിന്റെ കൃപയിലും നടത്തിപ്പിലും ശരണപ്പെട്ടുകൊണ്ട് കണ്ടനാട് മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി നാം സ്ഥാനം ഏറ്റിരിക്കുന്ന ഈ അവസരത്തിൽ വിശ്വാസികളുടെ വിലയേറിയ ആത്മാക്കളെ മേല്പട്ടക്കാരന്റെ കൈയിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങളേവരേയും പറ്റി ദൈവതിരുസന്നിധിയിൽ കണക്കുബോധിപ്പിക്കേണ്ടവനാകുന്നു എന്നുള്ളതുകൊണ്ട് നമുക്ക് നിങ്ങളോട് ഗുണദോഷിപ്പാനുള്ളത് എന്തെന്നാൽ നിങ്ങളേവരും നമ്മുടെ സഭയുടെ കറയറ്റതും പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടതും നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും എപ്പോസോസിലും വച്ചുകൂടിയ പിതാക്കന്മാരുടെ പൊതു സുന്നഹദോസുകളാൽ ഉറപ്പിക്കപ്പെട്ടതും ആയ സത്യഓർത്തഡോക്സ് വിശ്വാസത്തെ അഭംഗമായി പാലിക്കണം. ആത്മാവിലും ശരീരത്തിലും അകമേയും പുറമേയും കറയില്ലാത്തവരായി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കണം. സഭയുടെ ചട്ടംകെട്ടുകളും കാനോനാകളും മഹനീയ പാരമ്പര്യങ്ങളും സഭയുടെ ഭരണഘടനയും അനുസരിച്ചുനടക്കണം. നിത്യമുള്ള പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്നതിലും വി.വേദപുസ്തകം വായിക്കുന്നതിലും കല്പിക്കപ്പെട്ടിട്ടുള്ള നോമ്പുകൾ ആചരിക്കുന്നതിലും മറ്റു സുകൃതങ്ങൾ അനുഷ്ഠിക്കുന്നതിലും വ്രതനിഷ്ഠകൾ പാലിക്കുന്നതിലും നിങ്ങൾ ശുഷ്ക്കാന്തിയുള്ളവരായിരിക്കണം. വി.കുമ്പസാരം, വി.കുർബ്ബാന തുടങ്ങിയുള്ള കൂദാശകൾ അനുഭവിക്കുന്നതിലുള്ള അലസത നീക്കിക്കളയണം. താല്പര്യത്തോടും സത്യഅനുതാപത്തോടും കൂടി കൃത്യമായും പതിവായും കൂദാശകളിൽ സംബന്ധിക്കണം. നിങ്ങളുടെ ഭവനങ്ങളിലെല്ലാം ദിവ്യചൈതന്യവും ദൈവപ്രഭാവവും ഓളം തല്ലുന്നതായിരിക്കണം. മദ്യപാനം തുടങ്ങിയുള്ള ദുർവൃത്തികളിൽ നിന്ന് ഒഴിഞ്ഞുജീവിക്കണം. യഥാർത്ഥഭക്തിയോടുകൂടി ദൈവാശ്രയത്തിൽ ജീവിക്കുകയും പരിശുദ്ധന്മാരും പുണ്യവാന്മാരും പുണ്യവതികളുമായവരുടെ മദ്ധ്യസ്ഥതവഴിയായി അവരെപ്പോലെ പുണ്യജിവിതം നയിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും വേണം.

ഇടവകകളുടെ ആദ്ധ്യാത്മീക വളർച്ചയേയും പുരോഗമനത്തേയും ലാക്കാക്കിക്കൊണ്ടുള്ള സൺഡേസ്കൂളുകൾ ബാലികാബാലകസമാജങ്ങൾ, യുവജനസമാജങ്ങൾ, മർത്തമറിയം സമാജങ്ങൾ, പ്രാർത്ഥനാസമാജങ്ങൾ എന്നിവ നമ്മുടെ സഭാംഗങ്ങളുടെ ആദ്ധ്യാത്മീകവും ധാർമ്മീകവുമായ നിലവാരം ഉയർന്നുവരുവാനും അവർ സേവനോത്സുകരാകുവാനും സഹായിക്കത്തക്കവണ്ണം കാര്യക്ഷമമായി നടത്തണം.

പള്ളികളുടെ വരുമാനങ്ങൾ പൊതുമുതലുകളാണെന്നും നമുക്ക് അവയുടെ മേൽ ഗൃഹവിചാരകത്വം മാത്രമേയുള്ളു എന്നും അവയുടെ കൈകാര്യ കർത്തൃത്വസംഗതിയിൽ ദൈവത്തോടു തികഞ്ഞ ഉത്തരവാദിത്വം നമുക്ക് ഉണ്ട് എന്നു

ള്ളതും വിസ്മരിക്കരുത്. വെടിക്കെട്ട് തുടങ്ങിയ അനാവശ്യങ്ങളായ ആർഭാടങ്ങൾക്കായി പണം ദുർവിനിയോഗം ചെയ്യാതെ ഇടവകയുടേയും സഭയുടേയും ആവശ്യങ്ങൾക്കും സമസ്യഷ്ടങ്ങളുടെ നന്മയക്കും പ്രയോജനത്തിനും ഉതകുമാറ് ചെല വഴിക്കണം. ഓരോ ഇടവകയും അവിടവിടങ്ങളിൽ സാധു സംരക്ഷണത്തിനുവേണ്ടിയ കാര്യങ്ങളിൽ മുൻകൈയെടുത്തു പ്രവർത്തിച്ചുകൊണ്ട് ചുറ്റുള്ളവർക്ക് മാർഗ്ഗദർശനം നല്കണം. പള്ളികളിലെ ഇടവക രജിസ്റ്റർ തുടങ്ങിയുള്ള രജിസ്റ്ററുകളും നാൾവഴി പേരേടു തുടങ്ങിയ കണക്കുബുക്കുകളും സർട്ടിഫിക്കറ്റ് ബുക്കുകളും മറ്റു റിക്കാർഡുകളും കൃത്യമായും ഭംഗിയായും സൂക്ഷിക്കേണ്ടതും യഥാവസരം നമ്മെ കാണിച്ചു ഒപ്പും മുദ്രയും വായ്പിക്കേണ്ടതും ആകുന്നു.

വീണ്ടും പ്രിയരെ!

എന്റെ കർത്താവും എന്റെ ദൈവുമെ! എന്ന് ആർത്തുവിളിച്ച്, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസത്തെ പൂർണ്ണമായി പ്രഖ്യാപിച്ച മാർത്തോമ്മശ്ലീഹായാൽ സ്ഥാപിതവും അതിപുരാതനവും ആയ ഒരു അപ്പോസ്തോലിക സഭയാണ് നമ്മുടേത്. ഇതിന്റെ ഭരണസംവിധാനം ചിലർ പറയുന്നതുപോലെ കോൺഗ്രിഗേഷണൽ അല്ല, എപ്പിസ്കോപ്പൽ ആണ് എന്നുള്ളത് വിസ്മരിച്ചുകളയരുത്. ഈ സഭ തികച്ചും സ്വതന്ത്രമാണ്. വിശ്വാസഐക്യമുള്ള മറ്റു സഹോദരസഭകളോടുള്ള സ്നേഹബന്ധം ഏറ്റക്കുറച്ചിൽ കൂടാതെ കാനോനീകമായും ഭരണഘടനാപരമായും തുടർന്നുപോകുന്നതിന് തടസ്സമില്ല. എന്നാൽ സ്നേഹബന്ധം പാരതന്ത്ര്യമല്ല എന്നു നാം അറിഞ്ഞിരിക്കണം. മലങ്കരസഭ മറ്റേതെങ്കിലും വിദേശസഭയുടേയോ, സഭകളുടേയോ കോളനിയോ അടിമയോ അല്ല. തികച്ചും സർവ്വസ്വാതന്ത്ര്യത്തിന്റെയും സ്വയംശീർഷകത്വത്തിന്റെയും അപ്പോസ്തോലികത്വത്തിന്റെയും അടിസ്ഥാന കല്ലുകളാണ് വി.മാർത്തോമ്മാശ്ലീഹായും അവിടത്തെ സിംഹാസനവും, പൗരസ്ത്യ കാതോലിക്കേറ്റും എപ്പിസ്കോപ്പൽ സുന്നഹദോസും, സഭാഭരണഘടനയും. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി ജീവാർപ്പണം നടത്തി മൺമറഞ്ഞുപോയ നമ്മുടെ പിതാക്കന്മാർ നമ്മെ ഭരമേല്പിച്ചിട്ടുള്ള മേല്പറഞ്ഞ കാര്യങ്ങളെ നിങ്ങൾ കാത്തുകൊള്ളുവാൻ പ്രതിജ്ഞാബദ്ധരാണ്.

വാത്സല്യമുള്ളവരെ!

നമ്മുടെ കണ്ടനാട് ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികളെപ്പറ്റി നാം പറയാതെ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ ഇടവകയുടെ മെത്രാസനാധിപന്മാരായിരിക്കുയും പിന്നീട് പൗരസ്ത്യ കാതോലിക്കാസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്ത മുറിമറ്റത്തിൽ മാർ ഈവാനിയോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നീ പിതാക്കന്മാരുടെ ഭരണത്തിൻകീഴിൽ മേല്ക്കുമേൽ അഭിവൃദ്ധി പ്രാപിച്ചുവന്ന ഈ മെത്രാസനത്തിന്റെ ഇപ്പോഴത്തെ ദുർഘടഘട്ടങ്ങൾ വിജയപൂർവ്വം തരണം ചെയ്യേണ്ടതിന് ഭദ്രാസനാംഗങ്ങളായ ഏവരുടേയും സമ്പൂർണ്ണമായ സഹകരണം ആവശ്യമാണ്. ഈ ഭദ്രാസനത്തിന്റെ ഏളിയ ശുശ്രൂഷകനും ചുമതലക്കാരനുമായി നാം വന്നിരിക്കുന്ന ഈ അവസരത്തിൽ നിങ്ങളുടെ സ്നേഹത്തോടു നാം ആവശ്യപ്പെടുന്നത് നിങ്ങളുടെ സ്നേഹം നമ്മോടുണ്ടായിരിക്കുകയും നമുക്കുവേണ്ടി നിങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്യണമെന്നുള്ളതാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പള്ളികളിൽനിന്നുള്ള ഭദ്രാസന വിഹിതങ്ങളും കൈമുത്തുകളും മറ്റു വരുമാനങ്ങളും സഭാംഗങ്ങളിൽ, വ്യക്തികളിൽ നിന്നുള്ള സംഭാവനകളും കൊണ്ടുവേണം മെത്രാസനത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നടക്കുവാൻ. വെട്ടിയ്ക്കൽ ദയറായിൽ ഭദ്രാസനകേന്ദ്രം താല്ക്കാലികമായി സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് പള്ളികളിൽ നിന്നുള്ള ഭദ്രാസന വിഹിതങ്ങൾ യഥാവസരം നമ്മെ ഏല്പിക്കണം. അതുപോലെ തന്നെ കാതോലിക്കാ ദിനപിരിവ് തുടങ്ങി സഭാകേന്ദ്രത്തിലേയ്ക്കുള്ള പൊതുപിരിവുകളും കൃത്യമായി നടത്തുകയും അങ്ങിനെ പിരിക്കുന്ന പണം പള്ളികളിലെ മറ്റാവശ്യങ്ങൾക്ക് എടുക്കാതെ യഥാസമയം അതാതു കേന്ദ്രങ്ങളിൽ വീഴ്ച കൂടാതെ എത്തിക്കുകയും വേണം.

അവസാനമായി വാത്സല്യമുള്ളവരെ !

മലങ്കര ഓർത്തഡോക്സ് സഭയുടെ നിർമ്മലമായ വിശ്വാസാചാരങ്ങളനുസരിച്ച് യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ചും സുവിശേഷപരമായ കാര്യങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ശ്രദ്ധചെലുത്തിയും അനിയന്ത്രിതമായ വിദേശബന്ധം മൂലം നമ്മുടെ സഭയ്ക്കുണ്ടായിട്ടുള്ള അടിമത്വത്തിൽ നിന്ന് നമ്മുടെ പിതാക്കന്മാർ കഷ്ടനഷ്ടം സഹിച്ച് നമുക്കു നേടിത്തന്നിട്ടുള്ള സ്വാതന്ത്ര്യത്തെ എന്തുവിലകൊടുത്തും സംരക്ഷിച്ചും കർത്താവിൽ സുവിശേഷത്താൽ ദൈവത്തിൻ മക്കളായി നമ്മെ ജനിപ്പിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായോടും അദ്ദേഹത്തിന്റെ ശ്ലൈഹീക സിംഹാസനത്തോടും പൗരസ്ത്യകാതോലിക്കേറ്റിനോടും പ. എപ്പിസ്കോപ്പൽ സുന്നഹദോസിനോടും ഈ സഭയുടെ ഭരണഘടനയോടും സത്യകാനോൻ പാരമ്പര്യം തുടങ്ങിയവകളോടുമുള്ള വിശ്വസ്ഥത അന്യൂനം പാലിച്ചും ദേശീയ അപ്പോസ്തോലിക സഭയുടെ ഉത്തമ സന്താനങ്ങളായി പുരോഗമിച്ച് വളരുവാൻ നിങ്ങൾ പ്രാർത്ഥനാപൂർവ്വം സർവ്വാത്മനാ പരിശ്രമിക്കണം. പിതൃ പുത്രപരിശുദ്ധാത്മാവായ ത്രിയേകദൈവം സ്വർഗ്ഗത്തിൽ നിന്ന് വാഴ്വുകൾ നിറഞ്ഞിരിക്കുന്നതായ തന്റെ വലതുതൃക്കരം അദൃശ്യമായി നിങ്ങളുടെ മേൽ ആവസിപ്പിച്ച് ആബാലവൃദ്ധം നിങ്ങളേയും നിങ്ങൾക്കുള്ള എല്ലാറ്റിനേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ആയതു ദൈവമാതാവും നിത്യകന്യകയുമായ മർത്തമറിയം അമ്മയുടേയും ഇൻഡ്യയുടെ കാവൽ പിതാവായ മാർത്തോമ്മാശ്ലീഹായുടേയും ശേഷമുള്ള സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ

വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ നിന്ന്,

27 - 08 - 1976

മാർ പക്കോമിയോസ് മെത്രാപ്പോലീത്ത



# ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത (1926-1991)

ഫാ. ഡോ. ഒ. പി. വർഗീസ്

1926 ൽ പിറവത്തിന് അടുത്ത് മുളക്കുളം പൂവത്തുങ്കൽ കുടുംബത്തിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പിറവത്തും, ഇന്റർമീഡിയേറ്റ് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും, ബിരുദവും, ബിരുദാനന്തബിരുദവും (എം.എ. ഹിസ്റ്ററി & പോളിറ്റിക്സ്) എറണാകുളം സെന്റ് ആൽബർട്സിലും മഹാരാജാസ് കോളേജിലുമായി പഠിച്ച് സമ്പാദിച്ചു. വേദശാസ്ത്രത്തിൽ ഉപരിപഠനം ലണ്ടനിൽ കാർഡിഫിലെ സെന്റ് മൈക്കിൾസ് തിയോളജിക്കൽ കോളേജിലായിരുന്നു. 1952 ൽ വൈദികനായി. യുവജന പ്രസ്ഥാനം ഉപാദ്ധ്യക്ഷൻ, സുന്നഹദോസ് ഓഫീസ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹത്തെ 1974ൽ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1975 ൽ മാർ പക്കോമിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1976 ൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി നിയമിച്ചു.

കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളും അവിടങ്ങളിലെ പള്ളികളും സന്ദർശിച്ച് സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അന്തമില്ലാത്ത യാത്രകളും വിശദീകരണ പ്രസംഗങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ വടക്കെ അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, റോം, റഷ്യ, റൂമേനിയ, അർമ്മേനിയ, ഈജിപ്ത്, ജറുശലേം (ഇസ്രായേൽ), കുവൈത്ത്, ബഹറിൻ, ഖത്തർ, യു. എ.ഇ., മസ്കറ്റ്, സലാല, മലയ, സിങ്കപ്പൂർ, ഇന്തോനേഷ്യ തുടങ്ങിയ പാശ്ചാത്യ പൗരസ്ത്യ നാടുകൾ ഇദ്ദേഹം പല പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി, സഭാ വക കോർപ്പറേറ്റ് സ്കൂൾ മാനേജർ, ദിവ്യബോധന ഉപാദ്ധ്യക്ഷൻ, സഭാ ധനകാര്യ കമ്മറ്റി ചെയർമാൻ, മലങ്കര മെത്രാപ്പോലീത്തായുടെ സഹായി, കോലഞ്ചേരി മെഡിക്കൽമിഷൻ ഉപാദ്ധ്യക്ഷൻ തുടങ്ങിയ നിലകളിൽ പ്രശസ്തമായി പ്രവർത്തിച്ച തിരുമേനി 1991 ആഗസ്റ്റ് മാസം 19 ന് കാലം ചെയ്തു. മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**ലളിതം സുന്ദരം**

തിരുമേനിയുടെ ജീവിതം വളരെ ലളിതമായിരുന്നു. അവിടുന്ന് വലിപ്പച്ചെറുപ്പം നോക്കാതെ ആരോടും ഇടപെടും. തന്റെ സഹായം അവർക്ക് ആവശ്യമെങ്കിൽ അത് ചെയ്തുകൊടുക്കും. ആർക്കും എപ്പോൾ വേണമെങ്കിലും തിരുമേനി ലഭ്യമായിരുന്നു.

ഭക്ഷണം, പാർപ്പിടം, വസ്ത്രം എല്ലാം ലളിതമായിരുന്നു. പച്ചക്കറികൾ പുഴുങ്ങിയതും, പഴങ്ങളും, ഗോതമ്പുമായിരുന്നു പ്രധാന ആഹാരം. അതും വളരെ കുറച്ചുമാത്രം. വസ്ത്രമാണെങ്കിൽ വളരെ വെണ്മയുള്ളതും ലളിതവുമായിരുന്നു. കടുംചുമപ്പ് കുപ്പായങ്ങൾ സാധാരണ ഉപയോഗിച്ചിരുന്നില്ല. തന്റെ സ്നേഹിതർ സംഭാവന ചെയ്തിട്ടുള്ളതായിരുന്നു വസ്ത്രത്തിനുള്ള തുണികൾ.

പാർപ്പിടം ഒരു സാധാരണ കെട്ടിടമായ വെട്ടിക്കൽ ദയറായായിരുന്നു. അവിടെ താമസസൗകര്യങ്ങൾ തീരെയില്ലാത്തതുകൊണ്ട് അല്പം പുതുക്കി പണിത് കേടുപാടുകൾ പോക്കി. അതിന് സാമ്പത്തിക സഹായം കൊടുത്തത് ദുബായ് പള്ളിക്കാരായിരുന്നു.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം സൗന്ദര്യവും പരിപൂർണ്ണതയുമുണ്ടായിരുന്നു. വെട്ടിക്കൽ ദയറ പുതുക്കിയപ്പോൾ അതു ദൃശ്യമാണ്. കൂടാതെ ദയറായുടെ വിശാലമായ തിരുമുറ്റത്ത് മനോഹരമായൊരു പൂന്തോട്ടവും പിടിപ്പി

ച്ചു. അതിലെ വള്ളിച്ചെടികളും ഫലവൃക്ഷങ്ങളും പൂക്കളുമെല്ലാം കൂടി ഒരു ഋഷീവനം തന്നെ എന്ന ബോധമാണ് സന്ദർശകർക്കുണ്ടാക്കിയിരുന്നത്.

പണിയിപ്പിക്കുന്ന എന്തും പരിപൂർണ്ണമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധവും ഉണ്ടായിരുന്നു. പണിയുന്നവരും പണിയിപ്പിക്കുന്നവരും അതുകണ്ട് നിന്നില്ലെങ്കിൽ നിർദ്ദാക്ഷിണ്യം പൊളിച്ചു പണിയിപ്പിക്കും. 'യാതൊരു എയ്സ്തെക്ക് സെൻസും ഇല്ലാത്തവർ' എന്ന് കുറ്റപ്പെടുത്തുകയും ചെയ്യും. മീമ്പാറ മാർ പക്കോമിയോസ് മൗണ്ടിലെ കൊച്ചു പള്ളി പണിയിച്ചപ്പോൾ ഇക്കാര്യങ്ങൾ നടന്നതാണ്. അതിന്റെ മദ്ബഹായുടെ ആർച്ചുകൾ, ബലിപീഠം, പൂമുഖകവാടം, പള്ളിയുടെ പ്രാകാരം ഇവയെല്ലാം പലപ്രാവശ്യം പൊളിപ്പിച്ചു പണിയിപ്പിച്ചാണ് ഇന്ന് കാണുന്നതുപോലെ ആക്കിയത്. എന്നിട്ടും അത്ര ഭംഗിയായില്ല എന്നു പറയുമായിരുന്നു.

സ്വർണ്ണ ഉരുപ്പടികളോട് തിരുമേനിയ്ക്ക് യാതൊരു കമ്പവുമില്ലായിരുന്നു. നീണ്ട പതിനഞ്ച് വർഷത്തിനിടയിൽ തിരുമേനി സ്വർണ്ണാഭരണങ്ങൾ അണിഞ്ഞ് ഞാൻ കണ്ടിട്ടില്ല. തന്റെ ഇടവക പള്ളിക്കാരും സ്നേഹിതരും നല്കിയ മൂന്നു മാലകളുണ്ടായിരുന്നെന്ന് തിരുമനസ്സിലെ വിൽപ്പത്രത്തിൽ നിന്നാണ് മനസ്സിലാക്കിയത്. അതും സഭയ്ക്ക് കൊടുത്തു. അദ്ദേഹം ഉപയോഗിച്ചിരുന്നത് സ്റ്റീലിന്റെ മാലയും, സ്ലീബായും, വടിയുമായിരുന്നു.

സ്റ്റീൽ കുരിശുമാലയും, സ്ലീബായും അംശവടിയും ആദ്യമായി ഇപ്രകാരം പണിയിച്ചു ഉപയോഗിച്ച ആദ്യത്തെ മെത്രാപ്പോലീത്താ മാർ പക്കോമിയോസ് തിരുമേനിയാണ്. അഭിവന്ദ്യ ബർന്നബാസ് തിരുമേനി തടിയിലും കയറിലും ഇവ ഉണ്ടാക്കി ഉപയോഗിക്കുന്നുണ്ട്. എന്നാൽ അതിന് പഴക്കം കുറയുമെന്നതുകൊണ്ടാണ് തിരുമേനി ഈ ലളിതമാർഗ്ഗം സ്വീകരിച്ചത്. പള്ളി ഉപകരണങ്ങൾ പണിയുന്ന പരുമലയിലുള്ള വിദഗ്ധനോട് ആരാഞ്ഞപ്പോൾ തക്കസമയത്ത് കാര്യങ്ങൾ നടക്കുകയില്ലെന്ന് ബോദ്ധ്യമായി. തിരുമേനി നേരെ വെട്ടിക്കൽ വന്ന് അന്വേഷിച്ചപ്പോൾ മുളന്തുരുത്തിയിൽ നല്ലൊരു സ്റ്റീൽപ്പണിക്കാരനുണ്ടെന്ന് അറിഞ്ഞു. ആൾ അയച്ച് പണിക്കാരനെ വരുത്തി ആദ്യം ഒരു സ്റ്റീൽ സ്ലീബാ ഉണ്ടാക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു. അതിന്റെ രൂപം, ഭാവം, ഭംഗി, അളവ് എല്ലാം പറഞ്ഞു മനസ്സിലാക്കി. പണിതുകൊണ്ടുവന്ന സ്ലീബാ നാലു പ്രാവശ്യം അഴിച്ചു പണിയിച്ച്, അത് മനോഹരമാക്കി. അതുപൊലെ തന്നെ കനം കുറഞ്ഞ അംശവടിയും സ്റ്റീലിൽ തീർപ്പിച്ചു. പിന്നീട് ഈ ഉപകരണങ്ങൾ മാത്രമേ തിരുമേനി ഉപയോഗിച്ചിട്ടുള്ളു. ഇന്ന് പല തിരുമേനിമാരും ഉപയോഗിക്കുന്ന സ്റ്റീൽ സ്ലീബ പക്കോമിയോസ് തിരുമേനി പണിയിപ്പിച്ചു കൊടുത്തിട്ടുള്ളതാണെന്നാണ് എന്റെ അറിവ്.

വി. കൂദാശകളുടെ നിർവ്വഹണത്തിലും ഈ പരിപൂർണ്ണതയും ഇമ്പവും മാധുര്യവുമെല്ലാം നിർബന്ധമായിരുന്നു. അതുകൊണ്ടായിരുന്നു ഇക്കാര്യങ്ങളിൽ സംബന്ധിക്കുന്നവരെയും കൊയറുകാരെയും മറ്റും പലയവസരങ്ങളിലും തിരുമേനി ശാസിച്ചിരുന്നത്. പള്ളി കൂദാശ, പട്ടംകൊട, മൂറോൻ കൂദാശ, മേല്പട്ടസ്ഥാനാരോഹണം, കാതോലിക്കാവാഴ്ച, വൈദികശവസംസ്കാരം തുടങ്ങിയ ശുശ്രൂഷകൾ ഇത്രയും ഭംഗിയായും ക്രമമായും നിർവ്വഹിച്ചിരുന്ന തിരുമേനിമാർ വിരളമായിരുന്നു. എല്ലാ ശുശ്രൂഷകളും വളരെ ഹൃദ്യമായിരുന്നു. ഏതു കഠിനഹൃദയത്തെയും ആനന്ദലഹരിയിൽ ആറാടിക്കുന്നത് ആയിരുന്നു ആ സ്വരമാധുര്യം. അതെല്ലാം ഇനി ഓർമ്മയിൽ മാത്രം.

ഈ പിതാവിന്റെ ജീവിതം നമുക്ക് മാതൃകയായിത്തീരട്ടെ, അവിടത്തെ മദ്ധ്യസ്ഥപ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



## ഓർമ്മപ്പെരുന്നാൾ

**പ. ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ്**
**ആഗസ്റ്റ് 15**
***കുർക്കുമ ദയറാ***

**അഭി. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത**
**ആഗസ്റ്റ് 31**
***പാമ്പാടി മാർ കുറിയാക്കോസ് ദയറാ***





# ക്രിസ്തീയപ്രവർത്തകന്റെ വിളിയും ജീവിതവും ആധുനികസമൂഹം ഉയർത്തുന്ന വെല്ലുവിളികൾ

ഫാ. റ്റി. ജെ. ജോഷ്വാ

(തുടർച്ച...)

**5. വ്യക്തികളുടെ പങ്ക്**

ഓരോ വിശ്വാസിയും ക്രിസ്തീയസാക്ഷ്യം വഹിക്കുവാൻ നിയോഗിക്കപ്പെട്ടവനാണ്. ഇതിൽ സ്ത്രീയെന്നും പുരുഷനെന്നുമുള്ള വ്യത്യാസമില്ല. ഈ സാക്ഷ്യം വഹിക്കുവാൻ വിശ്വാസികളെ സംപ്രാപ്തരാക്കുന്ന കർത്തവ്യമാണ് സഭാ ശുശ്രൂഷകർക്കുള്ളത് എന്നു പൗലോസ് ശ്ലീഹ പറയുന്നു. (എഫേ. 4:13) അല്ലാതെ സഭാ ശുശ്രൂഷകർ മാത്രം നിർവഹിക്കേണ്ട ഒന്നല്ല ക്രിസ്തീയസാക്ഷ്യമെന്നുള്ളത്.

ദൈവം ഓരോ വ്യക്തിയെയും ആക്കിയിരിക്കുന്ന ചെറിയ ലോകത്തിൽ യേശുക്രിസ്തു വിനെ പ്രതിനിധീകരിക്കുകയാണ് അവന്റെ സാക്ഷ്യം. ഉദാഹരണമായി ഒരു കർഷകൻ അവന്റെ സാക്ഷ്യം വഹിക്കേണ്ടത് അവന്റെ പ്രവർത്തനത്തിലും അതു മുഖാന്തരം അവൻ ബന്ധപ്പെടുന്ന ആളുകളോടുമാണ്. അതിൽ നിന്നു മാറി അവധിയെടുത്ത് കുറെ ദിവസം മാത്രം സാക്ഷ്യത്തിനായും പ്രേഷിതവൃത്തിക്കുമായി വേർതിരിച്ച് ക്രിസ്തുവിനെ ഘോഷിക്കുന്നതിനു മുതിരുമ്പോൾ കാർഷികരംഗത്ത് യേശുക്രിസ്തു വിനുള്ള കർത്തൃത്വത്തെ നിഷേധിക്കുകയാണ്. ഒരു രാഷ്ട്രീയപ്രവർത്തകനോ, ട്രേഡ് യൂണിയൻ പ്രവർത്തകനോ അവന്റെ പ്രവർത്തനരംഗത്താണ് പ്രധാനമായും യേശുക്രിസ്തു വിനെ സാക്ഷിക്കേണ്ടത്. രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിന്റെ വെല്ലുവിളികളിൽ നിന്നും സമ്മർദ്ദങ്ങളിൽ നിന്നും പിൻവാങ്ങിക്കൊണ്ട് മിഷൻ രംഗത്തുപോയി ക്രിസ്തുവിനെ സാക്ഷിക്കാമെന്നു സങ്കല്പിക്കുന്നത് തെറ്റാണ്. സ്വന്തകുടുംബത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും സ്വമേധായി ഒഴിഞ്ഞുമാറി സുവിശേഷപ്രവർത്തനത്തിൽ വ്യാപൃതനാകുന്നതും ആത്മവഞ്ചനയാണ്. ഓരോ വ്യക്തിയും ആയിരിക്കുന്ന രംഗത്തും സാഹചര്യത്തിലും ക്രിസ്തീയവിളിക്കനുസരണമായി ജീവിക്കുന്നതാണ് കരണീയം.

**6. സഭയിൽ ഒരു നവോത്ഥാനം കൈവരുത്തുക**

സഭയുടെ പ്രേഷിതത്വം ഫലപ്രദമായും വിജയകരമായും നിറവേറ്റാൻ കഴിയണമെങ്കിൽ സഭയിൽ ഒരു നവോത്ഥാനം കൈവരുത്തണം. ലവുദിക്യ സഭയെപ്പറ്റി ദൈവാത്മാവ് വെളിപ്പെടുത്തിയത് ''നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാണ്.'' ആ അവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന് ആത്മാവ് ആവശ്യപ്പെടുന്നു. ഇത് നമ്മുടെ സഭയോടുള്ള ആഹ്വാനമാണ്. ശീതവാനുമല്ല, ഉഷ്ണവാനുമല്ല എന്നുള്ള ആത്മീയമന്ദതയ്ക്ക് മാറ്റമുണ്ടാകണം. യേശുക്രിസ്തുവിലേക്ക് വ്യക്തികൾ ഇന്നും ആകർഷിക്കപ്പെടുമെന്നതിന് സംശയമില്ല. എന്നാൽ സഭയിലേക്ക് നോക്കുന്നവർ നിരാശപ്പെട്ട് അകന്നുപോകുന്ന അവസ്ഥയാണ്. ക്രിസ്തുവിന്റെ ആത്മാവ് അതിൽ വ്യാപരിക്കുന്നതായി അവർ കാണുന്നില്ല. ഭിന്നതയുളവാക്കുന്ന ദുരാത്മാവിന്റെ വ്യാപാരവും വിളയാട്ടവുമാണ് എവിടെയും ദൃശ്യമാകുന്നത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റേതുമായ ക്രിസ്തുവിന്റെ സന്ദേശം പരസ്പരം കലഹിക്കുന്നവരും അധികാരമോഹികളും സ്വാർത്ഥ തല്പരരുമായ ആളുകളിൽക്കൂടി എങ്ങനെ സംവേദിക്കാൻ കഴിയും?.

ഭൗതികരാജ്യം കെട്ടിപ്പെടുക്കുവാൻ വെമ്പൽ കൊള്ളുന്നവർക്ക് എങ്ങനെ ദൈവരാജ്യ സ്ഥാപനത്തിനായി പ്രവർത്തിക്കാൻ കഴിയും?. അപ്പോസ്തോലിക കാലത്തെ സഭ, പോരാട്ടങ്ങളെ അതിജീവിച്ച് മുന്നേറിയത് ആത്മീയചൈതന്യം സഭാംഗങ്ങളിൽ പ്രകടമായിരുന്നതുകൊണ്ടാണ്. ദൈവരാജ്യത്തിന്റെ സന്ദേശമാണ് നമുക്കു നൽകാനുള്ളതെങ്കിൽ, ആ ദൈവരാജ്യാനുഭവം സഭയിൽ പ്രകടമായേ മതിയാവൂ. യേശുക്രിസ്തുവിന്റെ ജീവനും ചൈതന്യവുമാണ് വെളിപ്പെടേണ്ടത്. ആ ശക്തി തിന്മയ്ക്കും അധർമ്മത്തിനും ചൂഷണത്തിനും നിരാശയ്ക്കും അവിശ്വാസത്തിനും രോഗത്തിനും മരണത്തിനും എതിരായി വ്യാപരിക്കുന്നതും അവയെ അതിജീവിക്കുന്നതുമാണ്. ഈ ശക്തി നമ്മിൽ വ്യാപരിക്കണമെ

ങ്കിൽ വി.പത്രോസ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നതുപോലെ ''ക്രിസ്തു വിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിക്കുവിൻ'' (പ്രതിഷ്ഠിക്കുവിൻ). (1 പത്രോ. 3 : 14) ജീവിതത്തിൽ ക്രിസ്തുവിനു നടുനായകത്വം കൊടുക്കുന്ന അനുഭവം വ്യക്തിജീവിതത്തിൽ വരുത്താനാവണം നമ്മുടെ ശ്രമം. അതിന് എന്തൊക്കെ ചെയ്യുവാൻ കഴിയുമെന്നുള്ളതാണ് അന്വേഷിക്കേണ്ടത്.

യേശുക്രിസ്തുവുമായുള്ള സജീവബന്ധത്തിൽ പ്രവേശിച്ച് തുടരുന്നതിനും ജീവാവസാനം വരെ അതിൽ നിലനിൽക്കുന്നതിനും ഇടയാകത്തക്കവണ്ണം സഭയുടെ ആരാധനയും ആത്മീയാനുഷ്ഠാനങ്ങളും ക്രമീകരിക്കുക. ആത്മീയപരിപോഷണത്തിനും വളർച്ചയ്ക്കും ഉതകത്തക്കവണ്ണം തിരുവചന പഠനം, കുടുംബാരാധന, ക്രിസ്തീയ കൂട്ടായ്മ, ക്രിസ്തീയസേവനം മുതലായവ സജ്ജീകരിക്കുക. യേശുക്രിസ്തു ഓരോ വിശ്വാസിയിലും ഉരുവാകണമെന്നുള്ള ആത്മാർത്ഥമായ അഭിവാഞ്ഛയും പ്രാർത്ഥനയും പരിശ്രമവുമാണ് ക്രിസ്തീയ ശുശ്രൂഷകരിൽ ഉണ്ടായിരിക്കേണ്ടത്. ഈ മനോഭാവം വി.പൗലോസ് ശ്ലീഹ പ്രകടമാക്കിയിരിക്കുന്നത് കാണുക. ''ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ, ഇന്നു നിങ്ങളുടെ അടുക്കൽ ഇരുന്ന് എന്റെ ശബ്ദം മാറ്റുവാൻ കഴിഞ്ഞിരുന്നു എങ്കിൽ കൊള്ളായിരുന്നു; ഞാൻ നിങ്ങളെക്കുറിച്ച് വിഷമിക്കുന്നു.'' (ഗലാ. 4 : 19, 20). എന്നാൽ ഇന്നത്തെ സഭാശുശ്രൂഷകരുടെ താല്പര്യവും ശ്രദ്ധയും സ്ഥാപനങ്ങളും സൗധങ്ങളും പള്ളികളും കുരിശിൻതൊട്ടികളും കെട്ടിപ്പെടുക്കുന്നതിൽ ആയിപ്പോകുന്നില്ലേ എന്നു ചിന്തിക്കേണ്ടതാണ്. സഭാംഗങ്ങളെ ക്രിസ്തീയസാക്ഷ്യത്തിന് ഒരുക്കുന്നതിൽ സഭാശുശ്രൂഷകർക്ക് വ്യക്തികളായി ഒരു വലിയ പങ്കുണ്ട്. അവരുടെ ആത്മാർത്ഥമായ വിശ്വാസവും നിസ്വാർത്ഥമായ സേവനവും ത്യാഗപൂർണ്ണമായ ജീവിതവും സ്നേഹനിർഭരമായ പെരുമാറ്റവും യേശുക്രിസ്തുവിനെ സാക്ഷിക്കുന്നതിന് വിശ്വാസികളെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**7. സഭയുടെ സാക്ഷ്യം എങ്ങനെയെല്ലാം**

ക്രിസ്തീയസാക്ഷ്യം സഭയുടെ പൊതുജീവിതത്തിൽ കൂടിയും സംവിധാനത്തിൽ കൂടിയും നിറവേറ്റണം. സഭ, പൊതുസമൂഹത്തിൽ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന സമൂഹമാണ്. ഇന്നത്തെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്ക്കാരികവുമായ സാഹചര്യത്തിൽ യേശുക്രിസ്തുവിന്റെ കർത്തൃത്വവും ആദർശവും വ്യക്തമാകത്തക്കവണ്ണം സഭയുടെ പൊതുജീവിതം ക്രമീകരിക്കേണ്ടതാണ്. മനുഷ്യരുടെ ദൈനംദിന ജീവിതാവശ്യങ്ങളും പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിനെ സാക്ഷിക്കുന്നതിന് സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ നമുക്കു സംഭവിച്ച പരാജയം നാമംഗീകരിക്കുകയാണ് വേണ്ടത്.

"ക്രിസ്തീയസാന്നിധ്യം" (Christian Presence) സമൂഹത്തിന്റെ എല്ലാ മേഖലകളിലും യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ കഴിയണം. മനുഷ്യാവതാരത്തിന്റെ വലിയ സത്യം നാമായിരിക്കുന്ന സാഹചര്യത്തിൽ ക്രിസ്തു ജഡമെടുത്ത് നമ്മുടെ ഇടയിൽ വസിച്ചു എന്നുള്ളതാണ്. അതു വിരൽ ചൂണ്ടുന്നത് ക്രിസ്തുവിന്റെ ശരീരമായ സഭ (മനുഷ്യാവതാരത്തിന്റെ തുടർച്ച, The extension of incarnation, എന്നുസഭയെ വിശേഷിപ്പിക്കാറുണ്ട്.) മനുഷ്യരുടെ എല്ലാ അനുഭവത്തിലേക്കും അവസ്ഥയിലേക്കും ഇറങ്ങിച്ചെല്ലണമെന്നാണ്. ഒഴിഞ്ഞുമാറലും പിൻവാങ്ങലും ഒരിക്കലും ന്യായീകരിക്കാവുന്നതല്ല.

ക്രിസ്തീയസാന്നിധ്യം അനുഭവവേദ്യമാക്കിത്തീർക്കുന്നത് സാഹചര്യങ്ങളുമായി താദാത്മ്യപ്പെടുന്നതിൽ (Identification) കൂടിയാണ്. "ഉപ്പിന്റെ പ്രതീകം" ആ സത്യം വെളിപ്പെടുത്തുന്നു. ഉപ്പ് ഏതു വസ്തുവുമായി ചേരുന്നുവോ അതുമായി അലിഞ്ഞുചേർന്ന് അതിനെ ഉപ്പുരസമുള്ളതാക്കുകയാണ്. അതേവിധത്തിൽ സഭയും ചുറ്റുമുള്ള സമൂഹത്തോട് സർഗ്ഗാത്മകമായി ഏകീഭവിക്കേണ്ടതായിട്ടുണ്ട്. അപ്പോസ്തോല സഭ അന്നത്തെ സമൂഹത്തിൽ നടമാടിയ അടിമത്തവ്യവസ്ഥിതിയെ ക്രിസ്തീയ വീക്ഷണത്തിൽ നേരിട്ടു. അടിമയെ സഹോദരനായി കാണുവാൻ പ്രേരിപ്പിച്ചു. വർഗ്ഗീയതയും അടിമത്തവും ആദിമസഭയിൽ വലിയ സാമൂഹ്യപ്രശ്നമായിരുന്നു. പക്ഷേ അവ യ്ക്കെതിരായി സഭ പ്രതികരിച്ചു. "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്ഥാനമേറ്റിരിക്കുന്ന നിങ്ങളെല്ലാവരുംക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല. ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു". (ഗലാ. 3:26, 27)ഇത് ക്രിസ്തുയേശുവിലൂടെയുണ്ടായ സാമൂഹ്യപരിവർത്തനത്തിനു സാക്ഷ്യമാകുന്നു.

സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ പരിവർത്തനങ്ങൾ അനിവാര്യമാണ്. രാജ്യത്ത് നാല്പതു ശതമാനത്തിലധികം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് അറിയുമ്പോൾ നിലവി

ലുള്ള സമ്പദ് വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനും സാമൂഹ്യനീതി സ്ഥാപിക്കുന്നതിനുമായി ഇതര സമൂഹങ്ങളുമായി ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കേണ്ടതുണ്ട്. സാമ്പത്തിക സാമൂഹിക കാര്യങ്ങളിൽ രാഷ്ട്രീയത്തിനുള്ള സ്വാധീനവും പങ്കും മനസ്സിലാക്കുമ്പോൾ സഭാംഗങ്ങൾ രാഷ്ട്രീയരംഗത്തും സൃഷ്ടിപരമായി പ്രവർത്തിക്കേണ്ടിവരും. രാഷ്ട്രീയത്തെ തികച്ചും ലൗകികമെന്ന് മുദ്രയടിച്ച് അതിൽ നിന്നു മാറി നിൽക്കേണ്ടതില്ല. ആദർശവും മൂല്യാവബോധവും സന്മാർഗ്ഗ നിഷ്ഠയുമുള്ള നേതൃത്വം രാഷ്ട്രീയത്തിൽ വരേണ്ടത് ആവശ്യമാണ്. അത്തരക്കാരെ വാർത്തെടുക്കുന്നതിൽ ക്രിസ്തീയ സഭയ്ക്ക് കടമയുണ്ട്.

**8. മാധ്യമങ്ങളുടെ പങ്ക്**

നമ്മുടേത് മാധ്യമങ്ങളുടെ യുഗമാണ്. എഴുത്തുകളിൽ കൂടി നടക്കുന്ന സംവേദനത്തേക്കാൾ വേഗതയിലും വ്യാപ്തിയിലും നടക്കുന്നത് ഇലക്ട്രോണിക് മാധ്യമങ്ങളാണ്. ആഗോളവ്യാപകമായും ക്ഷിപ്രസാദ്ധ്യതയോടും ഈ മാധ്യമങ്ങൾ ഇന്നു പ്രയോഗിക്കപ്പെടുകയാണ്. ഇവിടെയും മാമ്മോന്റെ കടന്നുകയറ്റം സംഭവിക്കുന്നു. എളുപ്പത്തിൽ ധനം ഉണ്ടാക്കുവാൻ സുവിശേഷത്തിന്റെ പേരിൽ ഈ മാധ്യമങ്ങൾ ദുരുപയോഗപ്പെടുത്തുന്നതായി ആക്ഷേപമുണ്ട്.

സംഗീതം തുടങ്ങിയ കലാരൂപങ്ങൾ പ്രേഷിതരംഗത്ത് വളരെ പ്രയോജനപ്പെടുത്താനുണ്ട്. പല പ്രൊട്ടസ്റ്റന്റു സഭകളും കത്തോലിക്കാ സഭയും ഇക്കാര്യത്തിൽ വളരെ മുന്നിലാണ്. മിഷനെപ്പറ്റി പ്രത്യേകം പഠനവും പ്രചാരണവും നടത്തുന്ന ഒരു സംഘടന (NAMS) നമ്മുടെ സഭയിലുണ്ട്. അതുപോലെ സജീവമായി പ്രവർത്തിക്കുന്ന ഒരു മിഷൻ ബോർഡുമുണ്ട്. വർഷത്തിൽ ഒരു ഞായറാഴ്ച മിഷൻ സൺഡേ ആയി ആചരിക്കുന്നു. പക്ഷേ അതു മുഖ്യമായും ആ ദിവസത്തെ സ്തോത്രകാഴ്ച വേർതിരിക്കുന്നതിനുള്ള സംരംഭമായി മാത്രം ഒതുങ്ങിപ്പോകുന്നു. പ്രേഷിതത്വത്തെപ്പറ്റിയുള്ള ബോധവത്ക്കരണം ശരിയായി നിർവ്വഹിക്കാൻ സഭാ ശുശ്രൂഷകർ ആ ദിവസത്തെ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രാപ്തിക്കനുസരണമായി സംഭാവന നൽകുന്നതിനും എല്ലാ സഭാംഗങ്ങൾക്കും കഴിയും. അതുമാത്രം പോരാ, സ്വന്തജനത്തേയും സൗകര്യങ്ങളേയും വിട്ട് അവികസിതമേഖലകളിൽ പോയി സാമൂഹ്യപ്രവർത്തനം ചെയ്യാനും അതിൽ കൂടി ക്രിസ്തീയസാക്ഷ്യം വഹിക്കുന്നതിനും ആളുകൾ മുമ്പോട്ടു വരണം. ഇതിനുള്ള ആഹ്വാനവും പ്രചോദനവും സഭാശുശ്രൂഷകളിൽ നിന്നുണ്ടാകണം.

■ കവിത

# എന്റെ സ്വപ്നം

ജോർജ്ജുകുട്ടി തുടിയംപറമ്പിൽ



എന്നുമെൻ കാൽചുവട്ടിന്നു
വിളക്കാണെൻ സഹദ
സത്യം സത്യം സത്യം
എന്നുമെൻ പ്രാർത്ഥനയിലോർക്കുമെൻ സഹദയെ
സ്വപ്നത്തിലെന്നുമെൻ ചാരത്തുവന്ന്
മെല്ലെത്തലോടിയുറക്കുമല്ലോ
സ്വപ്നത്തിലെന്നുമേ കാണുമെൻ സഹദയെ
കുന്തത്താൽ കുതിരപ്പുറത്തിരുന്ന്
ഘോരനാം സർപ്പപ്പിശാചിനെ-
കുത്തിയകറ്റുന്ന താതനെ
വഴിയാത്രയിലെന്റെ കൂടെ
വണ്ടിയിലുമെന്റെ കൂടെ
ഒരു തുണയായ് എന്നുമുണ്ടെൻ സഹദ
മമ സന്തത സഹചാരിയായ്
തുണയറ്റോർക്കാശ്രയമായ്
അശരണരുടെ ബന്ധുവായ്
എൻ സഹദയെന്നുമീപ്പാരിൽ
വിരാജിക്കുന്നു എൻ മനസ്സിലും.



# തേനുങ്കൽ ഗീവറുഗീസ് മല്പാൻ

പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

*(തേനുങ്കൽ ബഹു. ഗീവർഗീസ് മല്പാനച്ചന്റെ നിര്യാണത്തിനുശേഷം സ്ലീബാദാസ സമൂഹം അദ്ധ്യക്ഷൻ അഭി. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത രചിച്ച അനുസ്മരണമാണിത്. ബഹു. മല്പാനച്ചന്റെ 50-ാം ഓർമ്മ ദിനമായിരുന്നു 2011 ജൂൺ 30-ാം തീയതി.*
*സമ്പാദകൻ: തേനുങ്കൽ ശ്രീ. റ്റി.ജെ. ജോർജ്ജ്)*

സുറിയാനി പണ്ഡിതൻ തേനുങ്കൽ ഗീവറുഗീസ് മല്പാൻ 76-ാം വയസ്സിൽ പ്രമേഹം മൂലം 1961 ജൂൺ 30-ാം തീയതി കോലഞ്ചേരിപ്പള്ളിയിൽ വച്ച് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. സുറിയാനി പണ്ഡിതനായ മാർ ഔഗേൻ തിമോത്തിയോസ് തിരുമേനിയും ഞാനും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ പെട്ട പല പട്ടക്കാരും വലിയ ജനക്കൂട്ടവും കൂടി ആഘോഷപൂർവ്വം ഭംഗിയായി അദ്ദേഹത്തെ അടക്കി. ശവസംസ്കാരത്തിന് അദ്ദേഹം സുറിയാനിയിൽ നിന്നു മലയാളത്തലേക്ക് തർജ്ജിമചെയ്തിട്ടുള്ള കഹനൈത്താക്രമം തന്നെയാണ് ഞങ്ങൾ ഉപയോഗിച്ചത്.

എന്റെ പ്രായമുള്ള മല്പാനെ ഞാൻ നേരത്തെ അറിയും. എന്റെ അപ്പന്റെ ജ്യേഷ്ഠൻ മൂക്കാഞ്ചേരിൽ ഗീവർഗീസ് റമ്പാൻ 63 കൊല്ലം മുമ്പ് തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ വച്ച് മരിച്ച് അടക്കപ്പെട്ട് നാൽപ്പതുദിവസം മുറിമറ്റം ഒന്നാം കാതോലിക്കാ ബാവാ അവിടെ താമസിച്ച് വിശുദ്ധകുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ കൂടെ തേനുങ്കൽ ഗീവർഗീസ് ശെമ്മാശ്ശനും ഉണ്ടായിരുന്നു. പഴയ സിമ്മാനാരിയിൽ അദ്ദേഹം സുറിയാനി പഠിച്ച് സുറിയാനിക്ക് ഒന്നാം സമ്മാനം വാങ്ങി. അർത്ഥം അറിഞ്ഞു വേണം സുറിയാനിക്രമങ്ങൾ പട്ടക്കാർ ഉപയോഗിപ്പാൻ എന്നുള്ള ആദർശം അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടാണ് കൂദാശ ക്രമങ്ങൾ മലയാളത്തിലേക്കു മറ്റു ചിലരോടു കൂടി തർജ്ജിമ ചെയ്യുവാൻ ഇടയായിട്ടുള്ളത്.

ഭക്തിയോടുകൂടി ജീവിച്ച് നാട്ടിനും ജനങ്ങൾക്കും ഉപകാരം ചെയ്യുവാൻ അദ്ദേഹം ഉത്സുകനായിരുന്നു. വളരെ പ്രയാസപ്പെട്ട് നെല്ലും പണവും പിരിച്ച് കോലഞ്ചേരിയിലും ചുറ്റുപാടും ഒമ്പതു സ്കൂളുകൾ സ്ഥാപിച്ചു. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ അദ്ദേഹത്തിന്റെ ശ്രമഫലമാണ്. സ്ലീബാദാസ സമൂഹത്തിന്റെ 13-ാം വാർഷികോത്സവത്തിനു കോലഞ്ചേരിക്കു ബ്രിട്ടീഷ് റസിഡണ്ടു ബഹുമാനപ്പെട്ട സി. പി. സ്ക്രീനിനെ ഞാൻ വരുത്തിയപ്പോൾ സായിപ്പിനെ കൊണ്ട് ഹൈസ്കൂളിനു കല്ലിടുവിക്കുവാൻ ഞങ്ങൾ നിശ്ചയിച്ചു. ആ അവസരത്തിൽ പാക്കൻഹാം വാൽഷ്, മല്ലപ്പള്ളി മാർ സേവേറിയോസ്, പുത്തൻകാവ് മാർ പീലക്സീനോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നീ നാലു മെത്രാന്മാർ സന്നിഹിതരായിരുന്നു. റസിഡണ്ട് കല്ലിട്ടതുകൊണ്ട് ഹൈസ്കൂളിന് ഗവൺമെന്റിൽ നിന്നു വേഗം അംഗീകാരം ലഭിച്ചു. കോലഞ്ചേരിയിൽ അഞ്ഞൂറ്റിഎഴുപതു അധഃകൃതർ മാമ്മോദീസാ മുങ്ങിയിട്ടുള്ളത് മല്പാന്റെ ഉത്സാഹംകൊണ്ടുകൂടിയാണ്. ഇതുപോലെ എല്ലാ നല്ലകാര്യങ്ങളിലും താല്പര്യപ്പെട്ട് ബുദ്ധിമുട്ടുന്ന ഒരു പട്ടക്കാരനെ ഞാൻ എന്റെ ആയുസ്സിൽ വേറെ കണ്ടിട്ടില്ല. ഇതു ഞാൻ എഴുതുന്നതു നമ്മുടെ സഭയിലെ നൂറുകണക്കിനുള്ള യുവാക്കന്മാരായ പട്ടക്കാർ അലസതയും സുഖേച്ഛയും കളഞ്ഞ് മല്പ്പാനെ അനുകരിപ്പാൻ അവർക്ക് ഉത്തേജനം കിട്ടുന്നതിനാണ്. പുറജാതിക്കാരെ ഗുണദോഷിച്ച് കർത്താവിങ്കലേയ്ക്ക് അടുപ്പിക്കുവാനും അവരെ മാമോദീസ മുക്കുവാനും ഇന്ന് ഏതു സുറിയാനിപ്പട്ടക്കാരൻ ശ്രമിക്കുന്നു?

*(ശേഷം പേജ്......9)*

■ പ്രതിധ്വനി



# സഭാ ശുശ്രൂഷയിലെ രണ്ടു പതിറ്റാണ്ടുകളുടെ യാഥാർത്ഥ്യം

*(തുടർച്ച....)*

ഫാ.ജോസ് തോമസ്

മൂവാറ്റുപുഴ അരമന കേസ് കൊടുത്തിരുന്നത് പ. മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയായിരുന്നു. പ. മുറിമറ്റത്തിൽ ബാവ സമ്പാദിച്ചതും പിന്നീട് കണ്ടനാട് ഭദ്രാസനത്തിന്റെ ആസ്ഥാനവുമായിരുന്നു മൂവാറ്റുപുഴ അരമന. ബദൽ കാതോലിക്കയായി വാഴിക്കപ്പെട്ട അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനി സഭക്കിതരനായപ്പോൾ, തന്റെ മുൻഗാമി മലങ്കര സഭക്കുവേണ്ടി ആർജ്ജിച്ച ആ സമ്പത്തു കൈവിട്ടു പോകാതിരിക്കുവാനായിരുന്നു പ. മാത്യൂസ് പ്രഥമൻ ബാവ കേസുകൊടുത്തിരുന്നത്. പിന്നീട്, വാർദ്ധക്യത്തിലായിരുന്ന അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ അരമനയിൽ നിന്നും പിറമാടം ദയറയിലേക്ക് മാറ്റി പാർപ്പിച്ച്, അരമന കയ്യടക്കിയ അഭി. അത്താനാസിയോസ് തിരുമേനി ഒരു ട്രസ്റ്റുണ്ടാക്കി അത് സ്വന്തമാക്കുവാനുള്ള ശ്രമമാരംഭിച്ചു. ഇതറിഞ്ഞ അരമനപള്ളി ഇടവകാംഗമായ ശ്രീ. പൈലി അതിനെതിരെ കോടതിയെ ശരണം പ്രാപിച്ചു. ഇങ്ങനെ രണ്ടു കേസുകളായിരുന്നു മൂവാറ്റുപുഴ അരമന സംബന്ധിച്ച് ഉണ്ടായിരുന്നത്.

പ. മാത്യൂസ് പ്രഥമൻ ബാവ കൊടുത്തിരുന്ന കേസു പിൻവലിക്കുവാൻ അഭി. അത്താനാസിയോസ് തിരുമേനി 2002 ലെ അസ്സോസ്സിയേഷനു മുൻപു പ. മാത്യൂസ് ദ്വിതീയൻ ബാവയുടെമേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ഇതറിഞ്ഞ് ഇവിടെയുള്ളവർ ആ കേസ് പിൻവലിക്കരുതെന്ന് അപേക്ഷിച്ചു. കാരണം വാദികൾ തന്നെ ആ കേസ് പിൻവലിച്ച് പിന്മാറിയാൽ, പിന്നീടെപ്പോഴെങ്കിലും അതിന്മേൽ അവകാശം ഉന്നയിക്കേണ്ടിവന്നാൽ നിയമപരമായി നിലനില്ക്കുകയില്ല. അതിനാൽ ഇവിടെയുള്ളവർ ആവശ്യപ്പെട്ടത്, മെരിറ്റ് അനുസരിച്ച് ആ കേസ് വിധിയായാൽ മലങ്കര സഭയ്ക്ക് അതിന്മേലുള്ള പൂർണ്ണ അവകാശത്തിന് നിയമസാദ്ധ്യതയുണ്ടാവുകയും, അത് മലങ്കര സഭയുടേതായിത്തീരുകയും ചെയ്യും. അഭി. അത്താനാസിയോസ് തിരുമേനിക്ക് മലങ്കര സഭയുടെ മെത്രാപ്പോലീത്തയെന്ന നിലയിൽ അത് എല്ലാ സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കുകയും ചെയ്യാം. 1958 ലെ സുപ്രീം കോടതി വിധി നടപ്പിലാക്കാത്തതിനാൽ പിന്നീടുണ്ടായ ദോഷങ്ങൾ പോലെ, ഇവിടെ ഇനിയും സംഭവിക്കാതിരിക്കുവാനുള്ള മുൻ കരുതലെന്നു മാത്രം. മലങ്കര സഭയുടെ സ്വത്തുക്കൾ വീണ്ടെടുക്കുവാനായിട്ടാണ് മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ പരിശുദ്ധ കാതോലിക്ക ബാവ ഈ കേസ് കൊടുത്തത്. മലങ്കര സഭയിലെ ഒരംഗത്തിന് ഇത് എതിർക്കേണ്ട ആവശ്യവുമില്ല. നിഗൂഢ താല്പര്യങ്ങളുള്ളവർക്കു മാത്രമെ ഈ കേസ് ഇല്ലാതാക്കേണ്ട ആവശ്യമുള്ളു. പില്ക്കാല ചെയ്തികൾ ഈ ഗൂഢ താല്പര്യത്തെ വെളിപ്പെടുത്തുകയും ചെയ്തുവെന്നത് ചരിത്രസത്യം.

മൂവാറ്റുപുഴ അരമനയും സ്വത്തുക്കളും ഒരിക്കലും മലങ്കര സഭയുടേതായിത്തീരരുത് എന്ന് ആഗ്രഹിച്ച അഭി. അത്താനാസിയോസ് തിരുമേനി തന്ത്രപൂർവ്വം കരുക്കൾ നീക്കി. പ. കാതോലിക്ക ബാവയെ സ്വാധീനിച്ച് രഹസ്യമായി കേസ് പിൻവലിപ്പിച്ചു. ഇതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം അത് കോടതിയിലറിയിക്കണമായിരുന്നു. അതൊഴിവാക്കാനായിട്ട് രണ്ടു മാസമിതു രഹസ്യമാക്കിവച്ചു. കേസിൽ നിന്ന് വാദി തന്നെ പിന്മാറിയതിനാൽ പിന്നെ അതിന് സാംഗത്യമില്ലല്ലോ. സ്വാഭാവികമായും മറ്റുള്ളവരും അതിൽനിന്ന് പിന്മാറി. അങ്ങിനെ സഭയുടെ അവകാശം തന്ത്രപൂർവ്വം ഇല്ലാതാക്കിയതിനുശേഷം സ്വന്തം പേരിലൊരു ട്രസ്റ്റുണ്ടാക്കി അരമന സ്വത്തുക്കൾ പൂർണ്ണമായും സ്വന്തമാക്കുവാനുള്ള ശ്രമങ്ങൾ പുനരാരംഭിച്ചു. എങ്ങനെയുണ്ട് മെത്രാപ്പോലീത്തയുടെ സഭാ സ്നേഹം? യാക്കോ 'ഉപായ' ക്കാരല്ലേ ഞങ്ങൾ, ആ ഗുണം കാണിക്കാതിരിക്കാൻ പറ്റുമോ?

2002 ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷനു ശേഷമാണ് കണ്ടനാട് ഭദ്രാസനത്തെ ഈസ്റ്റ് എന്നും വെസ്റ്റ് എന്നും രണ്ടായി വിഭജിക്കുന്നത്. കണ്ടനാട് ഈസ്റ്റ് ഭദ്രാസനം അഭി. അത്താനാസിയോസ് തിരുമേനിക്കും കണ്ട

നാട് വെസ്റ്റ് ഭദ്രാസനം അഭി. സേവേറിയോസ് തിരുമേനിക്കും നല്കി. രണ്ടു ഭദ്രാസനങ്ങളിലെയും വൈദികരും ജനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുവാൻ തയ്യാറായി. സമാധാന ഐക്യ ചർച്ചകൾ നടക്കുന്ന സമയത്ത് കണ്ടനാട് ഭദ്രാസനത്തിലെ ഇരുവിഭാഗത്തിലെയും വൈദികർ ഒരുമിച്ചുകൂടുവാനുള്ള വേദി ഒരുക്കണമെന്ന് പലതവണ ആവശ്യപ്പെട്ടിട്ടും നിരാകരിച്ച അഭി. അത്താനാസിയോസ് തിരുമേനി ഏതായാലും പരസ്യമായി ഇതിനെ എതിർത്തില്ല. അഭി. സേവേറിയോസ് തിരുമേനിയുടെയും കൂടെയുള്ള അച്ചന്മാരുടെയും സഹായം വേണ്ടിവരുമെന്നതിനാലാവാം പരസ്യമായി നിഷേധിക്കാതിരുന്നത്.

കണ്യാട്ടുനിരപ്പ് പള്ളിയിൽ പ്രശ്നങ്ങളുണ്ടായപ്പോൾ ഒരിടത്തുനിന്നും സഹായം ലഭിക്കാതെ വിഷമിച്ച സമയത്ത് താങ്ങായി അഭി. സേവേറിയോസ് തിരുമേനി മുന്നോട്ട് വന്നു. കോലഞ്ചേരി മെഡിക്കൽ കോളേജ് കോൺഫറൻസ് ഹാളിൽ കൂടിയ വിശേഷാൽ മാനേജിംഗ് കമ്മിറ്റിയോഗത്തിൽ വച്ച്, കണ്യാട്ടുനിരപ്പ് പള്ളിയിൽ ആരാധന മദ്ധ്യേ പാത്രിയർക്കീസ് വിഭാഗക്കാർ നടത്തിയ അതിക്രമങ്ങളുടെയും ബഹളങ്ങളുടെയും ആക്രോശങ്ങളുടെയും വീഡിയോ കാണിച്ചുകൊണ്ടാണ് അഭി. അത്താനാസിയോസ് തിരുമേനി തന്റെ നിസ്സഹായാവസ്ഥ പ്രകടപ്പിച്ചത്. അവിടെ വച്ച്, കോടതി വിധി നടത്തിക്കിട്ടുവാൻ ഒരു സത്യഗ്രഹസമരം നടത്തുകയാണെന്നുള്ള പ്രഖ്യാപനത്തിന് എല്ലാ പിന്തുണയും നല്കിക്കൊണ്ട് അഭി. സേവേറിയോസ് തിരുമേനി കൂടെ നില്ക്കുകയും തന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള കോലഞ്ചേരി കാതോലിക്കേറ്റ് സെന്റർ അതിനുള്ള വേദിയായി തീരുമാനിക്കുകയും ചെയ്തു. കോലഞ്ചേരി പള്ളി പൂട്ടിയതിനു ശേഷം പണിത ഈ കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണത്തിൽ അഭി. അത്താനാസിയോസ് തിരുമേനി നിസ്സഹരിക്കുയും, സഹകരിക്കുവാൻ തയ്യാറായവരെ പിന്തിരിപ്പിക്കുകയും ചെയ്തകാര്യം ഇത്തരുണത്തിൽ ഓർത്തുപോകുന്നു.

മലങ്കരസഭ ഒന്നടങ്കം പിന്തുണ നല്കിയ 2002 ഡിസംബറിലെ ആ സമരത്തിൽ രോഗിയായിരുന്ന അഭി. സേവേറിയോസ് തിരുമേനി ഉപവാസ പ്രാർത്ഥനായജ്ഞനത്തിനിടയിൽ അവശനായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടെങ്കിലും അവിടെയും ഉപവാസം തുടർന്നു. മന്ത്രിസഭാ ഉപസമിതി പ്രശ്നപരിഹാരത്തിനായി മുന്നോട്ടുവന്നപ്പോൾ മൂവാറ്റുപുഴ അരമനയിൽ മറ്റൊരു ഗൂഢാലോചന നടക്കുകയായിരുന്നു. അഭി. അത്താനാസിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം അഭി. സേവേറിയോസ് തിരുമേനിയുടെ സ്വാധീനം കുറക്കുവാനുള്ള തന്ത്രമവിടെ മെനഞ്ഞു. കണ്യാട്ടുനിരപ്പ് പള്ളിയുടെ നിയന്ത്രണം പൂർണ്ണമായി അഭി. അത്താനാസിയോസ് തിരുമേനിയുടെ കയ്യിലാവാൻ കോലഞ്ചേരി പള്ളിയേയും അഭി. സേവേറിയോസ് തിരുമേനിയേയും ബലിയാടാക്കി. അങ്ങനെ കണ്യാട്ടുനിരപ്പ് പള്ളിയിൽ എല്ലാ ഞായറാഴ്ചയും അഭി. അത്താനാസിയോസ് തിരുമേനിയുടെ അച്ചനും പകരം കോലഞ്ചേരിയിൽ 2:1 എന്ന ക്രമത്തിൽ ഓർത്തഡോക്സ് പാത്രിയർക്കീസ് വിഭാഗങ്ങൾക്കെന്ന് അഭി. സേവേറിയോസ് തിരുമേനിയുടെ അഭിപ്രായം പോലുമാരായാതെ തീരുമാനമുണ്ടാക്കി. അതിനുശേഷമാണ് ചികിത്സയിലായിരുന്ന അഭി. സേവേറിയോസ് തിരുമേനിയെ വിവരമറിയിക്കുന്നത്. ആ തീരുമാനത്തിലും നിഗൂഢതാല്പര്യങ്ങൾ ഒളിപ്പിച്ചുവച്ചിരുന്നതിനാൽ അതിന് ഒരു ദിവസത്തെ ആയുസ്സേ ഉണ്ടായിരുന്നുള്ളു. ഒരു കാര്യത്തിനു വേണ്ടി രണ്ടു മെത്രാച്ചന്മാർ ഉപവാസപ്രാർത്ഥനാ യജ്ഞം നടത്തി. അതിലൊരാൾക്ക് അവഹേളനവും അപരനു ചതിയിലൂടെ നേടിയ വിജയവും.

എന്നാൽ, സഭാ നേതൃത്വത്തിന്റെ അറിവോ സമ്മതമോ കൂടാതെയാണ് ഇടുക്കി വാഴത്തോപ്പു പള്ളി പ്രശ്നത്തിൽ സത്യാഗ്രഹമെന്നും പറഞ്ഞ് പോയിരുന്നത്. അന്ന് സഹായത്തിന് ഒരു സ്നേഹിതരെയും അനുഭാവികളെയും അഭ്യുദയകാംക്ഷികളെയും കണ്ടില്ലായിരുന്നു. "കഴിഞ്ഞ ദിവസം എന്നോട് ചോദിച്ച ആരോ" (2011 ജൂൺ ഡയോസിഷൻ ബുള്ളറ്റിൻ, പേജ് 10) എന്ന പേരും മേൽവിലാസവുമില്ലാത്ത ആ യോഗ്യനെയും കണ്ടിരുന്നില്ല. അന്ന് ശ്രീ. കെ.എം. മാത്യു പറഞ്ഞതിപ്രകാരമാണ്. "ആ മെത്രാച്ചനോട് അവിടെക്കിടക്കാതെ എഴുന്നേറ്റു പോകാൻ പറ". ആരും തിരിഞ്ഞു നോക്കാതെ നാണംകെട്ടിരുന്നപ്പോൾ അഭി. സേവേറിയോസ് തിരുമേനിയും കൂടെയുണ്ടായിരുന്നവരും ഇടപെട്ടു. ഇടുക്കി ജില്ലാ കളക്ടറെ നേരിൽ കണ്ട് സംസാരിച്ചാണ് അന്ന് പ്രശ്നപരിഹാരമുണ്ടാക്കിയത്. അഭി. സേവേറിയോസ് തിരുമേനിയുടെയും കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ വൈദികരുടെയും പരിശ്രമത്താൽ അധികം തട്ടുകേടൊന്നും പറ്റാതെ മുഖം രക്ഷിച്ചെടുക്കുവാൻ സാധിച്ചു. ഉപകാരോƒപി നീചാനാം അപകാരായ വർത്തതേ പയ: പാനം ഭുജംഗസ്യ കേവലം വിഷവർദ്ധനം (പാമ്പിനു പാൽ കൊടുത്താൽ വിഷം വർദ്ധിക്കുന്നതുപോലെ ദുർ ജ്ജനത്തിന് ഉപകാരം ചെയ്താൽ ഉപദ്രവം അനുഭവിക്കും) എന്നാണല്ലോ പ്രമാണം.

# വാർത്തകൾ

## പാമ്പാക്കുട ഡിസ്ട്രിക്ട് സൺഡേസ്കൂൾ ദിനാഘോഷം - 2010

പാമ്പാക്കുട ഡിസ്ട്രിക്ട് 2010 വർഷത്തെ സൺഡേസ്കൂൾ ദിനാഘോഷം പാമ്പാക്കുട സെന്റ് ജോൺസ് സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്നു. ഡിസ്ട്രിക്ടിലെ 8 സൺഡേസ്കൂളുകളിലെ മുന്നൂറോളം കുട്ടികളും അറുപതോളം അധ്യാപകരും പങ്കെടുത്തു. രാവിലെ രജിസ്ട്രേഷനെ തുടർന്ന് 10 മണിക്ക് മലങ്കര സഭാ വൈദിക ട്രസ്റ്റി റവ. ഫാ. ജോൺസ് എബ്രാഹം കോനാട്ട് സൺഡേസ്കൂൾ പാതാക ഉയർത്തി. തുടർന്ന് എം.ടി.എം. ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് വിവിധ വിഭാഗങ്ങളിലായി മൈനർ ഗെയിംസ്, ക്വിസ്സ്, വേദപുസ്തക പരിചയം എന്നീ മത്സരങ്ങൾ നടന്നു. ഉച്ചഭക്ഷണത്തെ തുടർന്ന് കുട്ടികൾ റാലിയായി വലിയ പള്ളിയിൽ എത്തിച്ചേർന്നു. 3 മണിക്ക് ചേർന്ന സമാപന സമ്മേളനത്തിൽ സൺഡേസ്കൂൾ ഭദ്രാസന വൈസ്പ്രസിഡന്റ് വെരി. റവ. പി.യു. കുര്യാക്കോസ് പോത്താറയിൽ കോറെപ്പിസ്കോപ്പ അധ്യക്ഷനായിരുന്നു. ഡിസ്ട്രിക്ട് പ്രസിഡന്റ് റവ. ഫാ. ജോൺ വർഗീസ് സ്വാഗതമരുളി. ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്ട് സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മലങ്കര സഭാ വൈദിക ട്രസ്റ്റി റവ. ഫാ. ഡോ. ജോൺസ് ഏബ്രാഹം കോനാട്ട്, സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർ റവ. ഫാ. ടി.പി. കുര്യൻ തളിയച്ചിറ, സൺഡേസ്കൂൾ ഭദ്രാസന സെക്രട്ടറി ശ്രീ. പി.വി. ജോൺ എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിൽ മലങ്കര സഭയുടെ ഗാനസുഗന്ധി ആട്ടിൻകുന്ന് സെന്റ് മേരീസ് സൺഡേസ്കൂളിലെ ഫെമി ഷാജിയെ അഭി. തിരുമേനി ഉപഹാരം നല്കി ആദരിച്ചു. ഡിസ്ട്രിക്ടിലെ 2010 ലെ മികച്ച സൺഡേസ്കൂളായി പാമ്പാക്കുട സെന്റ് ജോൺസ് സൺഡേസ്കൂളിനെ തെരഞ്ഞെടുത്തു. അഭി. തിരുമേനി സമ്മാനദാനവും ട്രോഫി വിതരണവും നടത്തി. ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. മോൺസി ജോൺ കൃതജ്ഞത പറഞ്ഞു. സമാപന പ്രാർത്ഥനയോടെ ദിനാഘോഷ പരിപാടികൾ സമാപിച്ചു.

## വിവാഹപൂർവ്വ കൗൺസലിംഗ്

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ കീഴിൽ നടത്തപ്പെടുന്ന **വിവാഹപൂർവ്വ കൗൺസലിംഗ് (Pre-Marital Counselling) ആഗസ്റ്റ് 26, 27 (വെള്ളി, ശനി) തീയതികളിൽ കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച്** നടത്തപ്പെടുന്നു. വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവരും, തയ്യാറെടുക്കുന്നവരും വിവാഹ നിശ്ചയം കഴിഞ്ഞിട്ടുള്ളവരും ഇതിൽ സംബന്ധിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**റവ. ഫാ. ജോൺ കുര്യാക്കോസ്**
ഫോൺ: **980980 8084**
frcecil@orthodox.com

## കല്ലിടീൽ

ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയാൽ സ്ഥാപിതവും പ. പരുമലതിരുമേനിയുടെ തിരുശേഷിപ്പിന്റെ സാന്നിദ്ധ്യത്താൽ പുണ്യവും പരിശുദ്ധവുമായ പിറവം മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിന്റെ പുനർനിർമ്മാണത്തിന്റെ ആരംഭം കുറിച്ചുകൊണ്ടുള്ള ശിലാന്യാസം **2011 ആഗസ്റ്റ് 18-ാം തീയതി രാവിലെ 9 മണിക്ക് കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി** നിർവ്വഹിക്കുന്നു. വിശ്വാസികളേവരെയും ക്ഷണിച്ചുകൊള്ളുന്നു.

## മാർ പക്കോമിയോസ് മത്സരപരീക്ഷ

കണ്ടനാട് ഭദ്രാസനാധിപനായിരുന്ന ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള **മാർ പക്കോമിയോസ് മത്സരപരീക്ഷ 2011 ആഗസ്റ്റ് 15 തിങ്കൾ രാവിലെ 10 മുതൽ 11.30 വരെ പിറവം മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച്** നടത്തുകയാണ്.

വിഷയം : **1) ആരാധനയും അനുഷ്ഠാനങ്ങളും**
(ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത)
**2) വി. കുർബ്ബാന**
**3) വി. കൂദാശകൾ**
**4) പൊതുവിജ്ഞാനം**

വിശദവിരങ്ങൾക്ക് ബന്ധപ്പെടുക: **94953 74547**

# കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

### 1. PRATHEEKSHA BHAVAN - പ്രതീക്ഷഭവൻ

- ❖ ബുദ്ധിമാന്ദ്യവും അംഗവൈകല്യവുമുള്ള 50 സ്ത്രീകളെ പരിപാലിക്കുന്ന ഭവനം
- ❖ KARIMPANA P.O, KOOTHATTUKULAM, ERNAKULAM DT., KERALA-686632. TEL: 0485-2253504

### 2. PRASANTHI BHAVAN പ്രശാന്തി ഭവൻ

- ❖ ദരിദ്രരും നിരാലംബരുമായ 80 രോഗികൾക്ക് ആജീവനാന്ത പരിരക്ഷണത്തിനുള്ള അഭയകേന്ദ്രം
- ❖ KADAYIRUPPU P.O, KOLENCHERY, ERNAKULAM DT., KERALA -682310. TEL : 0484-2765620

### 3. PRATHYASA BHAVAN - പ്രത്യാശ ഭവൻ

- ❖ ബുദ്ധിമാന്ദ്യവും അംഗവൈകല്യവുമുള്ള 50 പുരുഷന്മാരെ പരിപാലിക്കുന്ന ഭവനം
- ❖ SOUTH PIRAMADOM, PAMPAKUDA, ERNAKULAM DT., KERALA-686667. TEL : 0485-2273402

### 4. PRATHIBHA BHAVAN - പ്രതിഭ ഭവൻ

- ❖ ST. GREGORIOS JOB ORIENTATION CENTRE FOR THE UNEMPLOYED.
- ❖ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ സ്ത്രീ പുരുഷന്മാർക്ക് സ്വയം തൊഴിൽ ചെയ്തു ജീവിക്കുവാനുള്ള പരിശീലന പദ്ധതികൾ
- ❖ THE INCOME FROM ITS PRODUCTS ARE UTILISED FOR THE RECURRING EXPENSES OF OUR CHARITABLE PROJECTS. ABOUT 60 YOUTHS ARE DIRECTLY AND INDIRECTLY EMPLOYED THROUGH PRATHIBHA PROGRAMMES.
- ❖ PRODUCTS: CURRY POWDER, CANDLES ETC.
- ❖ KUNNACKAL, MUVATTUPUZHA, ERNAKULAM DT., KERALA. TEL : 0484-3297420.

### 5. PRADANAM - പ്രദാനം

- ❖ നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിത്സാ സഹായ പദ്ധതി. പ്രതിദിനം 5000 രൂപ വരെ
- ❖ KOLENCHERY, ERNAKULAM DT., KERALA. TEL : 0484-2760595

### 6. PRAMODAM FREE FOOD SERVICE - പ്രമോദം അന്നദാന പദ്ധതി

- ❖ DISTRIBUTING DAILY FREE LUNCH TO 700 INPATIENTS IN ELEVEN GOVT. HOSPITALS AT PIRAVOM, MUVATTUPUZHA, KOOTHATTUKULAM, VADAVUCODE, KADAYIRUPPU, THODUPUZHA, MULANTHURUTHY, VALAKOM, RAMAMANGALAM, PAMPAKUDA AND PANDAPPILLY.
- ❖ 11 ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന നിർദ്ധനരായ 700 രോഗികൾക്ക് ദിവസേന സൗജന്യ ഭക്ഷണം
- ❖ MAR PACHOMIOS MOUNT, MEEMPARA P.O. PUTHENCRUZ, ERNAKULAM DT. TEL: 0484-2760286

### 7. PRASANNAM CENTRE - പ്രസന്നം മാനസികാരോഗ്യ കേന്ദ്രം (UNDER CONSTRUCTION)

- ❖ നിരാശ്രയരായ 50 മാനസിക രോഗികൾക്ക് ഒരു അഭയകേന്ദ്രം
- ❖ MENTAL HEALTH CARE HOME
- ❖ MAR BASELIOS MAR GREGORIOS CATHOLICATE CENTRE, KARIKODE. TEL : 0484-2760286

### 8. PRAKASAM - പ്രകാശം (WAITING FOR GOVT. APPROVAL)

- ❖ ബുദ്ധിമാന്ദ്യമുള്ളവരെ പരിചരിക്കുന്ന അദ്ധ്യാപകർക്കുള്ള പരിശീലന പദ്ധതി
- ❖ SOUTH PIRAMADOM, PAMPAKUDA, ERNAKULAM DT., KERALA-686667. TEL : 0485-2273402

### 9. PRAPALANAM- പ്രപാലനം

- ❖ അസംഘടിത മേഖലയിൽ പണിയെടുത്തിരുന്ന നിർദ്ധനരും 60 വയസ്സിനുമേൽ പ്രായമുള്ളവരുമായ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി
- ❖ MAR PACHOMIOS MOUNT, MEEMPARA P.O. PUTHENCRUZ, ERNAKULAM DT. TEL: 0484-2760286

### 10. PRABHATHAM- പ്രഭാതം (COMPUTER CENTRE)

- ❖ നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം
- ❖ BETH UHADONO, ST. GREGORIOS CATHOLICATE CENTRE, PIRAVOM. TEL : 0485-2242439

### 11. PRASANTHAM- പ്രശാന്തം (UNDER CONSTRUCTION)

- ❖ എയിഡ്സ്, ക്യാൻസർ ബാധിതരായ രോഗികൾക്കുള്ള ആശ്വാസഭവനം

- ഒരു ദിവസം ഒരു പദ്ധതിക്കുവേണ്ടി വരുന്ന ശരാശരി ചെലവ് 5,000 രൂപ
- എല്ലാ പദ്ധതികൾക്കും കൂടി ഒരു ദിവസം വേണ്ടി വരുന്ന ചെലവ് 35,000 രൂപ
- ഒരു അന്തേവാസിയെ ഒരു വർഷത്തേക്ക് സ്പോൺസർ ചെയ്യുവാനുള്ള ചെലവ് 10,000 രൂപ
- സംഭാവനകൾക്ക് രസീതും, തണൽ എന്ന വാർഷിക റിപ്പോർട്ടും അയച്ചുകൊടുക്കുന്നതാണ്
- സംഭാവനകൾക്ക് 80-g tax exemption വേണ്ടവർ പ്രത്യേകം ആവശ്യപ്പെടേണ്ടതാണ്

## പ്രാർത്ഥിക്കുക..... പങ്കാളികളാകുക...

കണ്ടനാട് ഭദ്രാസനത്തെ ഒന്നര ദശാബ്ദ കാലം നയിച്ച ഭാഗ്യസ്മരണാർഹനായ

## അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ



# 20 – ാം ശ്രാദ്ധപെരുന്നാൾ

2011 ആഗസ്റ്റ് 18, 19 തീയതികളിൽ

മുളക്കുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കർമ്മേൽകുന്ന് പള്ളിയിൽ

പിതൃസ്മരണയോടെ പ്രദീപ്തി

The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery